# ബെഥേൽപത്രിക

വാല്യം 7 ഡിസംബർ 1994 ലക്കം 11

And she shall bring forth a son, and thou shalt call his name JESUS for he shall save his people from their sins.
(St. Mathew 1:21)





ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

ഡിസംബർ 1994



രക്ഷാധികാരി

**നി. വ. ദി. ശ്രീ.**
**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. എബ്രഹാം
10 പ്രൊഫ. ററി. ജെ. മാത്യു (ചീഫ് എഡിററർ)

**സർക്കുലേഷൻ മാനേജർ**
എം. എ. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം

ക്രിസ്തുമസ് സർവ ലോകത്തിനും മഹാസന്തോഷം
— മാത്യു സഖറിയാ

പേരുകളും അർത്ഥങ്ങളും
— പി. സി. മാത്യു

ഭദ്രാസന വിജയികൾ

സഭയിൽ ശിശുക്കൾക്കുള്ള സ്ഥാനം
— ററി. സി. ജോൺ

മാതാപിതാക്കളും മക്കളും
— സരോജാ വർഗീസ്

ഇരുളും നിഴലും
ഫാ. ജോൺ തോമസ്

സംസാരത്തിൽ ഉണ്ടായിരിക്കേണ്ട ജാഗ്രത
— മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

ഭദ്രാസന വാർത്തകൾ

ബാലപത്രിക
— ആനിച്ചേച്ചി


## ഇടയലേഖനം

വാത്സല്യ മക്കളെ,

വീണ്ടുമിതാ ഒരു ക്രിസ്മസ് സമാഗതമായിരിക്കുന്നു. നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിന്റെ ദിനം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും വിശുദ്ധിയുടെയും ദിനമാകുന്നു. 25 ദിവസങ്ങളിലെ പ്രാർത്ഥനനോമ്പുപവാസങ്ങൾക്കു ശേഷം ആചരിക്കപ്പെടുന്ന ജനനപ്പെരുന്നാൾ ഒരു വിശുദ്ധ ദിനമാണ്

പക്ഷെ ഇന്നത്തെ ക്രിസ്മസാഘോഷം ഏതു മത വിശ്വാസിയെയും ലജ്ജിപ്പിക്കുന്ന വിധത്തിലാണ്. നോമ്പാചരണത്തിന്റെ കാര്യം മിക്കവരും വിസ്മരിക്കുന്നു. ക്രിസ്മസാഘോഷം വ്യാപാര - വ്യവസായികൾക്ക് പണം വാരിക്കൂട്ടുവാനുള്ള ഒരവസരമായി മാറിയിരിക്കുന്നു. ജനനപ്പെരുന്നാളിനെ മദിരോത്സവമാക്കി മാററിയതാണ് കഷ്ടാൽ കഷ്ടതരം. എന്തിനധികം വിസ്തരിക്കുന്നു! ക്രിസ്മസാഘോഷത്തിന്റെ വിശുദ്ധിയെല്ലാമിന്ന് നഷ്ടപ്പെട്ട് വെറും ഭൗമിക ഭൗതിക ആഘോഷമായിന്ന് മാറിയിരിക്കുന്നു.

നമ്മുടെ കർത്താവിന്റെ കന്യകയിലുള്ള ജനനം ഒരു മഹാത്ഭുതം തന്നെയാകുന്നു- അഗോചരനായ പ്രപഞ്ചസൃഷ്ടാവ് ഒരു കന്യകയുടെ മടിത്തട്ടിൽ മനുഷ്യദൃഷ്ടിക്ക് ഗോചരനായിരിക്കുന്നു. പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചവൻ മറ്റെങ്ങും ഇടമില്ലാതെ പുൽക്കൂട്ടിൽ മരുവുന്നു. ദാവീദിന്റെ കൊട്ടാരത്തിൻ പട്ടാംബരങ്ങളാൽ ചുററപ്പെടേണ്ട പൂവൽമേനി ഇതാ കീററുശീലകളാൽ പൊതിയപ്പെട്ടിരിക്കുന്നു. പ്രപഞ്ചത്തിലുള്ള സർവ്വ ജീവജാലങ്ങളെയും ഭക്ഷണം നൽകി പോററുന്നവൻ ഒരു കന്യകയുടെ മുലപ്പാൽ നുകരുന്നു. സർവ്വ ലോകത്തെയും പരിപാലിക്കുന്നവൻ ഒരു പിഞ്ചു പൈതലായി അമ്മ തൻ മടിത്തട്ടിൽ കിടക്കുന്നു. ഈ വിധം മനുഷ്യ ചിന്തയ്ക്ക് അതീതമായ സംഭവമായിരുന്നു കർത്താവിന്റെ ജനനം.

പാപച്ചെളിയിൽ വീണുകിടന്ന മാനവജാതിയെ വീണ്ടെടുക്കാനായി ദൈവപുത്രൻ മനുഷ്യപുത്രനായിത്തീർന്നു. ദൈവപുത്രൻ മനുഷ്യ പുത്രനായി പിറന്നതിന്റെ ലക്ഷ്യം മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കുക എന്നതായിരുന്നു. മാനവജാതി ഇവയെല്ലാം വിസ്മരിച്ച് ധാർമ്മിക നിയമങ്ങളെയെല്ലാം കാററിൽ പറത്തി പിശാചിന്റെ മക്കളായിത്തീർന്നിരിക്കുന്നു.

ആധുനിക ലോകത്തെ നമുക്കൊന്നു പരിശോധിക്കാം. സത്യം ധർമ്മം, നീതി എന്നീ സന്മാർഗ്ഗിക നിയമങ്ങളെയെല്ലാം പിൻതള്ളി ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുന്നു എന്ന വിശ്വാസ പ്രമാണവും പേറി

ജീവിക്കുന്ന ഇന്നത്തെ മനുഷ്യൻ മനുഷ്യത്വത്തെയും സാന്മാർഗ്ഗീക മൂല്യങ്ങളെയും പാടെ തൃണവൽഗണിക്കുന്നു. ആധുനിക ലോകത്തിലെ സമസ്ത മണ്ഡലങ്ങളും ഇന്ന് ധാർമ്മികമായി അധഃപ്പതിച്ചിരിക്കുന്നു. ആരും ആരെയും വിശ്വസിക്കാത്ത കാലം. ഇന്നത്തെ പൈശാചീക ലോകത്തിൽ നമ്മുടെ കർത്താവിന്റെ തിരുവചനങ്ങളല്ലാതെ വേറൊരു മാർഗ്ഗവുമില്ല.

ലോകമിന്ന് അണ്വായുധ ഭീഷണിയേക്കാൾ ഭീകരങ്ങളായ നിരവധി ഭീഷണികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആറബ് ഇസ്രായേലി സംഘട്ടനങ്ങൾക്കൊരറുതി വന്നു എങ്കിലും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്നും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. തീവ്രവാദികളുടെ ഭീഷണി മിക്കവാറും എല്ലാ രാജ്യങ്ങളെയും അലട്ടിക്കൊണ്ടിരിക്കുന്നു. എയിഡ്സ് പോലുള്ള തീരാവ്യാധികൾ മനുഷ്യരാശിയുടെ നേരേ ''ഡമോക്ലീസിന്റെ വാൾ'' പോലെ ഭീഷണി ഉയർത്തുന്നു. ഇസ്ലാമിലെ വിഭാഗീയ ചിന്താഗതികൾ മുസ്ലീം രാജ്യങ്ങളിൽ അസമാധാനം വളർത്തുന്നു. പഞ്ചശീല തത്വങ്ങൾ ഇന്ന് 'കോൾഡ് സ്റ്റോറേജിൽ' സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ഇന്ത്യയാണെങ്കിൽ അയൽ രാജ്യങ്ങളുമായുള്ള സൗഹൃതബന്ധമൊക്കെ നഷ്ടപ്പെട്ട് യുദ്ധഭീഷണിയിലും ആഭ്യന്തര സംഘർഷങ്ങളുടെ കിനാവള്ളികളാൽ ചുററപ്പെട്ടും വിഷമവൃത്തത്തിലായിരിക്കുന്നു. റോം വെന്തെരിയുമ്പോഴും നീറോ ഗാഢനിദ്രയിലമർന്നിരിക്കുന്നു. രജ്യനന്മയെ ലക്ഷ്യമാക്കിയെന്നവകാശപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങളൊന്നും തന്നെ വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയെന്ന് പറയാറായിട്ടില്ല. ''കോരനിന്നും കുമ്പിളിൽത്തന്നെ കഞ്ഞി'' അത്യാവശ്യ സാധനങ്ങളുടെ വിലക്കയററം സാധാരണക്കാരനെ നത്യദുരിതത്തിലാഴ്ത്തിയിരിക്കുന്നു.

കേരളമാണെങ്കിൽ അഴിമതിയാരോപണ പ്രത്യാരോപണങ്ങൾകൊണ്ട് മലീമസമായിരിക്കുന്നു. ''അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ'' എന്നു പറയുന്നതുപോലെ ഭരണ കക്ഷിയും പ്രതിപക്ഷവും ഒരുപോലെ ഇന്ന് ജനങ്ങളുടെ കോടതിയിലെ പ്രതിക്കൂട്ടിൽ നില്ക്കുകയാണ്. നാടിന്റെ നന്മക്കുതകുന്ന ഭരണപരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തുവാനും സൃഷ്ടിപര പ്രവർത്തനങ്ങൾ നടത്തുവാനും ഭരണകക്ഷിക്കിന്ന് സമയമില്ലാത്ത സ്ഥിതിയാണ്. ചുരുക്കത്തിൽ മനുഷ്യനിന്ന് നിത്യ നരകത്തിലാണ്.

യേശുക്രിസ്തുവെന്ന കർത്താവിലൂടെയല്ലാതെ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണ്മാൻ സാധ്യമല്ല. നാമൊക്കെയും ക്രിസ്മസം ഘോഷിക്കുമ്പോൾ സാക്ഷാൽ ക്രിസ്തുവിനെത്തന്നെ മറക്കുന്നില്ലേ? അങ്ങനെ കർത്താവിനെത്തന്നെ മറക്കുന്നതുകൊ



# ക്രിസ്തുമസ് സർവ്വലോകത്തിനും മഹാസന്തോഷം

## (മാത്യു സഖറിയാ ചെമ്പകമഠം)

ക്രിസ്തുമസ് വീണ്ടും സമാഗതമാകുന്നു. അന്നത്തെപോലെ ഇന്നും ക്രിസ്തുവിനേ അന്വേഷിച്ചവരും, വണങ്ങിയവരും കെല്ലേുവാനാഗ്രഹിച്ചവരും നമുക്കു ചുററും നില്ക്കുന്നു, ബുദ്ധിമുട്ടി അന്വേഷിച്ചവർക്കു നക്ഷത്രവും, സമ്മിശ്രവികാരങ്ങളോടെ തന്നേ വണങ്ങിയവർക്കു കീററുശീലയും, ഭയത്തി

---

ണ്ടല്ലെ ക്രിസ്മസ് ദിനത്തിൽപ്പോലും പട്ടിണിയും പരിവട്ടവുമായി കഴിയുന്ന പാവങ്ങളെ വിസ്മരിക്കുന്നത്. കൊട്ടാര തുല്യമായ ഭവനങ്ങളിൽ ഇരുന്നുകൊണ്ട് പട്ടുവസ്ത്രങ്ങളാൽ ആഹാരദിതരായി വിഭവസമൃദ്ധമായ ഭക്ഷണം കഴിക്കുമ്പോൾ കാലിത്തൊഴുത്തിൽ വൈയ്ക്കോലിന്മേൽ കിടന്ന ഉണ്ണി യേശുവിനെ നമ്മൾ വിസ്മരിക്കുന്നു. ചാളകളിൽക്കഴിയുന്ന ദരിദ്രനാരായണന്മാരെ നമ്മൾ മറക്കുന്നു.

ഉണ്ണി യേശുവിന് പിറക്കാൻ സ്ഥലം ലഭിക്കാതെ കാലിത്തൊഴുത്തു മാത്രം ലഭിച്ചു. വിശ്വാസികളുടെ ഹൃദയങ്ങളിൽ യേശു പിറക്കുന്നില്ലെങ്കിൽ നമ്മുടെ നോമ്പാചരണത്തിനും ക്രിസ്മസാഘോഷത്തിനും എന്തു പ്രയോജനമാണുള്ളത്. എ അർത്ഥമാണുള്ളത്?

കർത്താവിനെയും കർത്തൃവചനങ്ങളെയും വിസ്മരിച്ചുള്ള യാത്ര നമുക്ക് അവസാനിപ്പിക്കാം. ഉണ്ണിയേശുവിന്റെ പാദാരവിന്ദങ്ങളിൽ നമുക്ക് കുമ്പിടാം. ജീവിതത്തിൽ വന്നുപോയ തെററുകൾക്കെല്ലാം മാപ്പപേക്ഷിക്കാം. പശ്ചാത്താപത്തിന്റെ ബാഷ്പധാരകൊണ്ട് മഗ്ദലനമറിയത്തെപ്പോലെ അവിടുത്തെ തൃപ്പാദങ്ങൾ കഴുകാം. നമ്മുടെ പാപക്കറകളെയെല്ലാം നീക്കി തമ്പുരാൻ ഹിമം പോലെ വെണ്മയുള്ളതാക്കട്ടെ. അനുഗ്രഹപ്രദമായ ക്രിസ്മസും സൗഭാഗ്യപൂർണ്ണമായ നവവത്സരവും ആശംസിച്ചുകൊള്ളുന്നു.

ശേഷം പിന്നാലെ

ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ

ബലഹീനനായ

തോമസ് മാർ

അത്തനാസിയോസ്

മെത്രാപ്പോലീത്താ

ന്യൂയോർക്ക്,

ഡിസംബർ—1

ലുയർന്ന പാരവശ്യത്തോടെ കൊല്ലുവാനാഗ്രഹിച്ചവർക്കു സമയവും കരുത്തു പകരുന്നു അടയാളങ്ങളായി അവശേഷിക്കുന്നു.

വിദ്വാന്മാർ ഉണ്ണിയേശുവിനെ അമ്മയായ മറിയയോടു കൂടി കണ്ടു. വീണുവണങ്ങി. പൊന്നും, കുന്തിരിക്കവും, മൂരും കാഴ്ചവെച്ചു. രാജാധി രാജനു പൊന്നും, ദൈവാതിദൈവത്തിനു കുന്തിരിക്കവും, പ്രവാചകശ്രേഷ്ഠനായ മനുഷ്യപുത്രനു മൂരും (മീറ) പ്രതീകമായി കാഴ്ചവെച്ചു. വിശുദ്ധിയുടേയും മഹത്വത്തിന്റെയും തേജസ്സിന്റേയും പ്രതീകമായി സ്വർണ്ണവും; സൽഗുണപൂർണ്ണതയുടെ പ്രതീകമായി കുന്തിരിക്കവും; കഷ്ടതയുടെ പ്രതീകമായി മീറയും സമ്മാനിച്ചു.

ഈ രാജാധിരാജന്റെ വരവിനെക്കുറിച്ച് യെശയ്യ 9:6-7 ൽ പറഞ്ഞിരിക്കുന്നു ദാവീദിന്റെ വംശത്തിൽ യെശയ്യാ 7:14 ൽ ഒരു കന്യകയിൽ നിന്നു ജനിക്കുമെന്നും മീഖാ 5:2 ൽ അവൻ ബേത്ലഹേമിൽ ജനിക്കുമെന്നും കാര്യങ്ങളെ ദൈവാത്മാവിൽ കണ്ടിട്ട് ലോകത്തിനു വ്യാഖ്യാനിച്ചുകൊടുത്ത പ്രവാചകന്മാരാൽ മുൻകൂട്ടി ഉദ്ഘോഷിക്കപ്പെട്ടിരുന്നതിന്റെ സാക്ഷാൽക്കാരമെന്നോണം ഈ അത്ഭുത ശിശു ബേത്ലഹേമിൽ സാധാരണയിൽ സാധാരണനായി ഭൂജാതനായി.

മനുഷ്യാവതാര രഹസ്യം ദൈവം ഒരിക്കലായി ജഡധാരണം നടത്തിയെന്നത് ക്രിസ്ത്യാനികൾക്കുവേണ്ടി എന്ന ചിന്ത മാറ്റി "സർവ്വലോകത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷമായി" ഗബ്രായേൽ മാലാഖ പറഞ്ഞ സമീപനം മാനവരാശി സ്വീകരിക്കണം. നിത്യതയും പഴമയും കളയാതെ ക്രിസ്തീയ സുവിശേഷം എങ്ങനെ ക്രിസ്ത്യേതർക്കു മനസ്സിലാക്കാം എന്നാണ് ഇത്തരുണത്തിൽ നാം ചിന്തിക്കേണ്ടത്. ക്രിസ്തുവിൽ വിശ്വസിച്ചു സ്നാനപ്പെട്ടില്ലെങ്കിൽ നിങ്ങൾ നരകത്തിൽ പോകുമെന്ന സമീപനം മനഃശാസ്ത്രപരമായിപ്പോലും അസ്വീകാര്യമാണ്. അങ്ങനെ വേദപുസ്തകം പഠിപ്പിക്കുന്നുമില്ല.

മാനവ സമുദായം ആകമാനം ആകാംക്ഷിച്ചിരുന്ന ഈശ്വര ജ്ഞാനം ദൈവം തന്നെ തന്റെ ആത്മാവിനാൽ പ്രചോദിതരായ ദൈവ ഭക്തന്മാർ മുഖേന ക്രമാനുഗതമായും, അവസാനമായി തന്റെ മനുഷ്യാവതാരം വഴി പൂർണ്ണമായും മാനവ സമുദായത്തിനു പ്രദാനം ചെയ്തതിന്റെ ചരിത്രമാണു വേദപുസ്തകം. തന്നേയും നക്ഷത്രം ആധുനിക വാർത്തമദ്ധ്യമങ്ങളുടെ പ്രതീകമാണ്. സത്യവും നീതിയും വെളിപ്പെടുത്തി ആഗോളകുടുംബത്തിനു പ്രകാശം പരത്തുവാനാണോ വാർത്ത മദ്ധ്യമങ്ങൾ ശ്രമിക്കുന്നത്. അധികാരത്തിലേറിയ ജനപ്രതിനിധികൾ ചൂഷണം ചെയ്തു താളം തെറ്റിച്ച ജീവിതത്തിന്റെ പ്രതീ



കമല്ലേ ആ കീറ്റുശീല ക്രിസ്തുവിന്റെ ഈ വരവിന്റെ ദൂതുകൾകൊണ്ട് അർത്ഥവത്തായി ജീവിക്കാതെ ക്രിസ്തുവിന്റെ അടുത്ത വരവിന്റെ സമയം കണക്കു കൂട്ടുകയല്ലേ ഇന്നു പലരും.

മഴയും വെള്ളവും, വേനലും ചൂടും, ഭൂമികുലുക്കവും മാറി മാറി ദുരന്തങ്ങൾ സമ്മാനിക്കുന്നിടത്ത് ഭക്ഷണവും, വസിക്കാനൊരിടവും തേടി അലയുന്നവരുടെ എണ്ണം ഏറിക്കൊണ്ടിരിക്കുന്നതിന്റെ സൂചന എന്ത്? ക്രിസ്തുമസ് സ്തുതിഗീതങ്ങൾ പാടി യേശുക്കുഞ്ഞിനെ താലോലിക്കുവാൻ കൈ ഉയർത്തുന്ന ക്രിസ്തു ഭക്തന്മാർക്കൊക്കെ ആ കുഞ്ഞിന്റെ ചൂണ്ടുവിരൽ അനീതിയെ ചൂണ്ടുന്നതു കണ്ടില്ലെന്നു നടിക്കുവാൻ കഴിയുമോ?

ഒരു വിഭാഗം ക്രിസ്ത്യാനികൾക്ക് ഒന്നുമൊന്നും തോന്നാതിരിക്കുന്നത് തിരു അവതാരത്തിന്റെ വെളിച്ചം കടന്നു വരാതിരിക്കുന്നതുകൊണ്ടല്ലേ. എങ്കിൽപോലും സ്നേഹത്തിന്റെ പൊൻകതിർ വീശുന്ന അനേകം പുത്തൻ താരങ്ങളെ മനസ്സിന്റെ മാനത്തിൽ തെളിയിക്കുവാൻ ക്രിസ്തുമസിനു കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ചുറ്റും അന്ധകാരം ഉരുണ്ടുകൂടിയാലും സന്മനസ്സിന്റെ അനേകം ദൃഷ്ടാന്തങ്ങളിൽ ഉണ്ണിയേശുവിന്റെ പുഞ്ചിരി നമുക്കു മനസ്സിലാക്കുവാൻ കഴിയട്ടെ. ഈ പ്രപഞ്ചത്തിൽ എവിടെയെങ്കിലും പ്രകാശിക്കുന്ന ഒരു സൂര്യൻ എപ്പോഴും മുകളിലുണ്ടെന്ന ആശ്വാസം നമ്മുടെ കണ്ണുകളിലും ഹൃദയങ്ങളിലും ക്രിസ്തുമസ്സിന്റെ അമ്മാനുവേൽ ആയി ജ്വലിക്കട്ടെ. മറ്റു പലതിന്റേയും എന്നപോലെ ക്രിസ്തുമസിന്റെ പരിപാവനത ഇന്നു നഷ്ടപ്പെട്ടിട്ടില്ല. സാമാന്യജനങ്ങൾക്കൊരോ ഉല്ലാസവേള; വ്യാപാരികൾക്കു പണസമ്പാദനത്തിനുള്ള ഒരു സുവർണ്ണാവസരം; ഇങ്ങനെയൊക്കെയായി ഇന്നത്തെ സ്ഥിതിയൊന്നോർത്ത് വ്യാകുലപ്പെടുകയല്ലാതെ എന്തു ചെയ്യാം? നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തുവിനു ജനിക്കാൻ വസിക്കാൻ സ്ഥാനം നൽകുന്നില്ലെങ്കിൽ ക്രിസ്മസാഘോഷം കൊണ്ടെന്തു പ്രയോജനം.

മഞ്ഞും നിലാവും ഒന്നിച്ചു പെയ്യുന്ന സുന്ദരങ്ങളായ ക്രിസ്തുമസ്സ് രാത്രികൾ നൂറ്റാണ്ടുകൾക്കു മുൻപു നടന്ന ആ മഹൽ സംഭവത്തിലേക്കു നമ്മെ മടക്കികൊണ്ടുപോകുന്നു. "ബേത്ലഹേമിലെ കാലിത്തൊഴുത്തിൽ നടന്ന ലോകരക്ഷകന്റെ തിരുപ്പിറവി"യിൽ ആനന്ദ നിവൃതിയിലേക്കെത്തിച്ചേരാൻ നമുക്കു കഴിയണം. ക്രിസ്തുമസിന്റെ ശാന്തി നിറഞ്ഞ സന്ദേശം മനുഷ്യഹൃദയങ്ങൾക്കു കുളിർമ നൽകുന്നതിനുവേണ്ടി നമുക്കൊരുമിച്ചു പ്രാർത്ഥിക്കാം. ആ ദിവ്യദിനത്തിലേക്ക് നൂറ്റാണ്ടുകൾ നാം മടങ്ങുമ്പോൾ ബേത്ലഹേമിലെ വയലേലകളിൽ മുഴങ്ങിയ സ്വർഗ്ഗീയ നാദം നമുക്കും കേൾ

കൂവാൻ കഴിയും. ''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം'' ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്കു സമാധാനം.''

പരിശുദ്ധ കന്യകമറിയാമിൽകൂടി ക്രിസ്തു ഭൂമിയിൽ ജാതം ചെയ്തപ്പോൾ സ്വർഗ്ഗീയ ദൂതൻ ആട്ടിടയരോട് അറിയിച്ച സന്ദേശമാണ് ''ഭയപ്പെടേണ്ട സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു.'' ഭൂമിയിൽ യേശുക്രിസ്തു മുഖാന്തിരം മനുഷ്യൻ സമാധാനം അനുഭവിക്കുമ്പോൾ അത്യുന്നതങ്ങളിൽ ദൈവം മഹത്വപ്പെടുന്നു. സമാധാനത്തിന്റെ അടിസ്ഥാനം ക്രിസ്തുവാണ്. ലോകം തരാത്ത സമാധാനം ക്രിസ്തുവിൽ നിന്നു നമുക്കു പ്രാപിക്കാൻ സാധിക്കും. എഫേസ്യർ 2:14 ൽ അവൻ നമ്മുടെ സമാധാനം'' രക്ഷകനായ ക്രിസ്തുവിന്റെ പിറവിയേക്കുറിച്ചുള്ള പ്രഖ്യാപനം സമാധാനം നൽകുന്ന രക്ഷാദൂതാണ്. സമാധാനം ഒരു വ്യക്തിയുടെ അനുഭവമെന്ന നിലയില്ല, രാഷ്ട്രത്തിന്റെയോ; സമൂഹത്തിന്റെയോ അനുഭവമെന്ന നിലയിലാണു കാണേണ്ടത്. ശാരീരിക സ്വസ്തതയും ആന്തരീക ശാന്തിയും സമാധാനത്തിന്റെ അവിഭാജ്യഘടകങ്ങൾ ആണ്. സമാധാനം മനുഷ്യസമൂഹത്തിന്റെ ആന്തരീകവും ബാഹ്യവുമായ, ആദ്ധ്യാത്മികവും ഭൗതികവുമായ മുഴുവൻ ജീവിതത്തെയും സ്പർശിക്കുന്നു. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ദൈവീകമായ രക്ഷ ആഴമായി അനുഭവിച്ചറിയുന്ന സമൂഹം സമാധാന പൂർണ്ണമായിരിക്കും. സമാധാനം ദൈവവും മനുഷ്യനും തമ്മിലുള്ള വെറും ഒരു ബന്ധമല്ല അർത്ഥമാക്കുന്നത് അതിലുപരി ദൈവസന്നിധിയിലേക്കുള്ള മനുഷ്യന്റെ പ്രവേശനവും സാമീപ്യവുമാണ്. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്ന മാലാഖമാരുടെ ഗാന ശകലം ക്രിസ്തുവിലൂടെ ലോകത്തിനു രക്ഷ കൈവന്നിരിക്കുന്നു എന്ന സുവാർത്താ ദൂതു തന്നെയാണ്. സമാധാനം മനുഷ്യന്റെ സമഗ്രമായ രക്ഷയാണ്. ശരീരത്തിന്റേയും ആത്മാവിന്റേയും മുഴുവൻ വ്യക്തിത്വത്തിനും രക്ഷ നൽകുന്നതാണ് ക്രിസ്തു നൽകുന്ന സമാധാനം. സങ്കീ. 85:10 ൽ ദയയും വിശ്വസ്തതയും തമ്മിൽ എതിരേററിരിക്കുന്നു, നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു.

സകല ജനത്തിനും സന്തോഷം ലോകത്തിനു ദൈവം നൽകിയ വാർത്തയാണെങ്കിലും ഇന്നു ലോകം സന്തോഷത്തിലാണോ? സമാധാനത്തിലാണോ? ക്രിസ്തുമസ്സ് ആഘോഷിക്കുന്നവർ പോലും ജഗന്നിയന്താവു് വാഗ്ദത്തം ചെയ്ത സന്തോഷത്തിലാണോ കഴിയുന്നത്. വ്യക്തി ജീവിതത്തിൽ സന്തോഷമില്ല സമൂഹത്തിലും രാഷ്ട്രത്തിലും സമാധാനമില്ല. എവിടേയും നെടുവീ



ർപ്പുകൾ മാത്രമേ നമുക്കു കേൾക്കുവാൻ കഴിയുന്നുള്ളു. സമാധാന പ്രഭവായ ക്രിസ്തുവിനെ ഹൃദയത്തിൽ ഉൾക്കൊണ്ട് സമാധാനം പ്രാപിക്കുക.

''മനുഷ്യ പുത്രന്മാരേ ദൈവപുത്രൻമാർ ആക്കുവാൻ ദൈവപുത്രൻ മനുഷ്യപുത്രനായി.'' കർത്താവു ജനിച്ച കാലഘട്ടത്തിനേക്കാൾ അധഃപതിച്ച ഒരു കാലഘട്ടത്തിലാണു നാം ഇന്നു ജീവിക്കുന്നത്. വ്യക്തിയ്ക്കോ, കുടുംബത്തിനോ, സമൂഹത്തിനോ സ്വസ്ഥതയോ സമാധാനമോ ഇല്ലാത്ത അവസ്ഥ. പണവും, പ്രതാപവും, ജീവിത സൗകര്യങ്ങളും ഇന്നു വളരെയേറെ വർദ്ധിച്ചു. പക്ഷേ ആധുനിക മനുഷ്യൻ ഇന്നും നിരാശനും ദുഃഖിതനുമാണ്. വ്യക്തി ബന്ധങ്ങൾ ആകെ തകർന്നു താറുമാറായിരിക്കുന്നു. ഗുരുശിഷ്യബന്ധം ഇന്നു വിസ്മൃതിയിലാണ്ടു പോയിരിക്കുന്നു. ആർക്കും ആരേയും വിശ്വസിക്കാനാവാത്ത കാലം. നല്ല ശമറിയക്കാരനേപ്പോലെ ഇന്ന് ആരെങ്കിലും പ്രവർത്തിച്ചാൽ അവനേ വിഡ്ഢിയെന്നു ലോകം വിധിക്കും.

ക്രിസ്തുമസിന്റെ യഥാർത്ഥ സന്തോഷം ഭൗതികമല്ല; ആത്മീയമാണ്. ഈ ക്രിസ്തുമസാഘോഷത്തിലൂടെ യേശുവിനെ നമ്മുടെ ഉള്ളിൽ പ്രതിഷ്ഠിക്കുവാൻ സംഗതിയാകട്ടെ. വിദ്വാൻമാർ ലോകത്തിനു വിളംബരം ചെയ്യുന്നതു രണ്ടു കാര്യങ്ങളാണ്. ഒന്ന് യേശുവിനേ നമസ്കരിക്കുക രണ്ട് അവനു കാഴ്ചകൾ സമർപ്പിക്കുക. ദൈവത്തിന്റെ പൂർണ്ണ സ്വഭാവത്തേ മനുഷ്യരുടെ മുൻപിൽ വെളിപ്പെടുത്തുവാൻ ജഡം ധരിച്ച വചനമാം ദൈവത്തിന്റെ രൂപമാണു പുൽക്കൂട്ടിൽ കിടക്കുന്ന യേശു. ഈ പുത്രന്റെ രൂപത്തെ അറിയുന്നവർ അവനേ അയച്ച പിതാവിനേയും അറിയുന്നു. ''പുത്രനേ ബഹുമാനിക്കാത്തവൻ അവനേ അയച്ച പിതാവിനേയും ബഹുമാനിക്കുന്നില്ല;'' യോഹ. 5:23.

നീതി ന്യായങ്ങൾ നിഷേധിക്കപ്പെട്ടതു മൂലമുള്ള നിലവിളികൾ നിത്യേന വർദ്ധിക്കുന്നു. അവശൻമാരുടെയും; ആർത്തൻമാരുടെയും അവകാശങ്ങൾ അവഗണിക്കപ്പെടുന്നു. ബാഹ്യമായ ഭൂതിയേക്കാൾ ആന്തരീയമായ ഭൂതിക്കു വിദ്വാൻമാർ വില കല്പിക്കുന്നു. അവരുടെ ലക്ഷ്യം പുൽക്കൂട്ടിൽ പിറന്ന രക്ഷകനിൽ കേന്ദ്രീകരിച്ചിരുന്നു. ബേത്ലഹേമിൽ ജനിച്ച അത്ഭുത ശിശുവിനേ പോയികാണുകയെന്നു മാത്രമല്ല അവന്റെ പരിപാവന ചരണങ്ങളിൽ സാഷ്ടാംഗ പ്രണാമം ചെയ്തു സന്തുഷ്ടി അടയുക എന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം. ഭക്തിദ്യോതകമായ നമസ്കാരത്തിനു പുറമേ ബഹുമാനത്തിന്റേയും ആദരവിന്റേയും അടയാളമായി പൊന്നും, കുന്തിരിക്കവും, മൂരും തിരുവചനങ്ങളിൽ കാഴ്ചവെയ്ക്കാനുള്ള കാഴ്ചപ്പാടിനേപ്പററി നമുക്കു ചിന്തിക്കാം. ക്രിസ്തുവിന്റെ ആദ്ധ്യാ

# പേരുകളും അർത്ഥങ്ങളും

**സമ്പാദകൻ: ക്യാപ്റ്റൻ പി. സി. മാത്യൂസ് (റിട്ട.)**

(തുടർച്ച)

പേര് — അർത്ഥം

## സുവിശേഷകന്മാരുടെ പേരുകൾ

(1) മത്തായി — ദൈവത്തിന്റെ ദാനം
(2) മർക്കോസ് — സൽസ്വഭാവി, സൗമ്യൻ
(3) ലൂക്കോസ് — പ്രകാശം നൽകുന്നവൻ
(4) യോഹന്നാൻ — ദൈവത്തിന്റെ സമ്മാനം (യഹോവാ കരുണയുള്ളവൻ)

## ശിഷ്യന്മാരുടെ പേരുകൾ

(1) പത്രോസ് — പാറ
(2) അന്ത്രയോസ് — ബലവാനായ മനുഷ്യൻ
(3) യാക്കോബ് — കൗശലക്കാരൻ (സമർത്ഥൻ)
(4) ഫീലിപ്പോസ് — യുദ്ധശാലി
(5) ബർത്തുൽമായി — ഉഴവുന്നവൻ
(6) തോമസ് — ഇരട്ട
(7) ശീമോൻ — കേൾക്കുക

## പ്രധാന മാലാഖമാർ

(1) ഗബ്രിയേൽ — ദൈവത്തിന്റെ മനുഷ്യൻ
(2) മീഖായേൽ — ദൈവത്തെപ്പോലെ

## തിരുമേനിമാർ

(1) ബസേലിയോസ് — രാജാവ്
(2) തീമോത്തിയോസ് — ദൈവത്തെ മഹത്വപ്പെടുത്തുന്ന
(3) കൂറിലോസ് — കർത്താവ് കൃപചെയ്തു
(4) ദീവന്നാസിയോസ് — സൂര്യൻ
(5) സേവേറിയോസ് — കൃത്യനിഷ്ഠയുള്ളവൻ
(6) ഒസ്താത്തിയോസ് — നല്ല നിലയിലുള്ളവൻ
(7) അത്താനാസിയോസ് — മരണമില്ലാത്തവൻ
(8) എപ്പിഫാനിയോസ് — പ്രകാശിപ്പിക്കുന്നവൻ
(9) യൗസേബിയോസ് — ദൈവ ഭക്തൻ



(10) ഗ്രീഗോറിയോസ് — ഉണർവ്വുള്ളവൻ
(11) ക്ലീമ്മീസ് — മുന്തിരിവള്ളി
(12) മക്കാറിയോസ് — അനുഗ്രഹീതൻ
(13) തെയോഫിലോസ് — ദൈവത്തിന്റെ സ്നേഹിതൻ
(14) ഈവാനിയോസ് — യഹോവ കരുണയുള്ളവൻ
(15) ഐറേനിയസ് — സമാധാനമുള്ളവൻ
(16) ബർന്നബാസ് — പ്രബോധന പുത്രൻ (ആശ്വാസ പുത്രൻ)
(17) പീലക്സീനോസ് — പരദേശികളുടെ സ്നേഹിതൻ
(18) മിലിത്തിയോസ് — ഭടൻ

---

(9-ാം പേജിൽ നിന്നും തുടർച്ച)

ത്മിക ഭാവത്തിൽ രണ്ടാമത്തേതാണ് ഈ കാഴ്ചയർപ്പണം. വിദ്വാൻമാർ ഓരോരുത്തരും നിക്ഷേപപാത്രങ്ങൾ കരുതുന്നു. നിക്ഷേപാത്രങ്ങളിൽ അമൂല്യ നിധിപോലെ അവർ പൊന്നും, കുന്തിരിക്കവും, മൂരും കൊണ്ടുവന്നു. ക്രിസ്തുവിന്റെ ദൈവത്വവും, മനുഷ്യത്വവും, പൗരോഹിത്യവും പ്രതിഗണിച്ചുള്ള കാഴ്ച വസ്തുക്കൾ.

ക്രിസ്തുയേശുവിനെ നമസ്കരിക്കുക; അവന്റെ മുൻപിൽ ആദരവിന്റെ അർപ്പണങ്ങൾ കാഴ്ചവെയ്ക്കുക. ഈ രണ്ടു കാര്യങ്ങളും ആയിരിക്കട്ടെ നമ്മുടെ ഈ ക്രിസ്തുമസിന്റെ സൽഫലങ്ങൾ. ''നമ്മുടെ കർത്താവു നിന്നോടുകൂടെ'' എന്നുള്ള മാലാഖയുടെ അരുളപ്പാടു വ്യക്തമാക്കുന്നത് അമ്മയെ മാററി നിർത്തി യേശുവിനെ കാണുകയെന്നുള്ളതല്ല. അവളോടുകൂടി യേശുവിനെ കാണുക എന്ന സത്യം എന്നേക്കുമായി വെളിപ്പെടുത്തുകയാണ്.

ആകാശത്തു താരകം അടയാളമാകുന്നു. ഭൂമിയിൽ കീററുശീലയിൽ പൊതിയപ്പെട്ട ദൈവം അത്ഭുതമാകുന്നു. ആകാശത്തു സ്വർഗ്ഗീയരുടെ ആനന്ദഗീതം. ഭൂമിയിൽ ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം. ക്രിസ്തുമസിൽ പുതിയ ആകാശവും പുതിയ ഭൂമിയും ഉദ്ഘാടനം ചെയ്യപ്പെട്ടതിന്റെ മധുരസ്മരണയും ആസ്വാദനവും ആണ്. നാം ഓരോരുത്തരും ഈ ക്രിസ്തുമസിൽക്കൂടി പുതിയ മനുഷ്യത്വം ധരിക്കാൻ സംഗതിയാകട്ടെ. നമ്മുടെ ഇടയിൽ ഒരു പുതിയ പ്രപഞ്ച വ്യവസ്ഥിതി ഉണ്ടാകട്ടെ. രൂപാന്തരപ്പെട്ട ഒരു ലോകം ഉണ്ടാകട്ടെ. ഇനിയും മരിക്കാത്ത ഒരു ഭൂമിയെയും, മരിച്ചാലും പുതുജീവൻ പ്രാപിക്കുന്ന ഒരു പ്രപഞ്ചത്തെയും കുറിച്ചുള്ള സങ്കല്പത്തിന്റെ പ്രതീകമാണ് ക്രിസ്തുമസ്. എല്ലാവർക്കും ക്രിസ്തുമസ്; പുതുവത്സരാശംസകൾ.

★

# സൺഡേസ്കൂൾ സഹപാഠ്യമത്സരം

## ഭദ്രാസന വിജയികൾ

### സബ്ജൂനിയേഴ്സ്

സംഗീതം

I ജേക്കബ്. കെ. ജോൺസൺ സെ. മേരീസ് പുത്തൻകാവ്.

II മനു ജോസഫ്. സെ. ജോർജ് തോനയ്ക്കാട്.

പ്രസംഗം

I അഞ്ചു ഡേവിഡ്. എം. ജി. എം. കാളികുന്ന്.

II ജിനോ ആൻ ജോൺ. സെ. ജോർജ് അറത്തിൽ

### ജൂനിയേഴ്സ്

സംഗീതം

I ചാക്കോ കുററിശേരിയിൽ സെ. മേരീസ് കുട്ടമ്പേരൂർ.

II റീനാ സൂസൻ തോമസ് സെ. ഇഗ്നേഷ്യസ് കല്ലുങ്കൽ

പ്രസംഗം

I സജനാ എൽസാ കോശി സെ. ഗ്രീഗോറിയോസ് തൈമറവുംകര,

II റയിച്ചൽ മാത്യു. സെ. ജോർജ് വട്ടയം, ഉളളന്നൂർ.

സമൂഹഗാനം

I ററീററി ഉമ്മൻ, സജിതാ ജോൺ, ററിൻസി
ഹോളി ഇന്നസെൻറ് മെഴുവേലി

II രാജി. എൽസാ വറുഗീസ്, റെൻസി. ജോസി വർഗീസ്
സെ. തോമസ് ഉമയാററുകര

വേദവാക്യം

I ജിൻസി. സാറാ ജോൺ, എം. ജി. എം. കാളികുന്ന്

II റിജോ ജോസ്. സെ. തോമസ്, കുരമ്പാല.

### സീനിയേഴ്സ്

സംഗീതം

I അനു. പി. വറുഗീസ് മാർബസ്സേലിയോസ് പുത്തൻകാവ്

II ജയ പി. ജി. സെ. മേരീസ് ഇടവങ്കാട്.

പ്രസംഗം

I റെനി സൂസൻ ഏബ്രഹാം. സെ. മേരീസ് സ്ററീഫൻസ്
പേരിശേരി ഈസ്ററ്

II ഷിജു കോശി. സെ. ജോർജ് ആറാട്ടുപുഴ.



# സഭയിൽ ശിശുക്കൾക്കുള്ള സ്ഥാനം

## ററി. സി. ജോൺ–തുണ്ടുമണ്ണിൽ മാരാമൺ

രക്ഷയ്ക്കായി വിളിച്ചു കൂട്ടപ്പെട്ട ജനസമൂഹത്തെയാണല്ലോ സഭ (Ecclesia) എന്നു പറയുന്നത്. യിസ്രായേൽ സഭയിലും ക്രിസ്തീയ സഭയിലും ശിശുക്കൾക്കുള്ള സ്ഥാനം എന്ത് എന്ന് വേദപുസ്തക അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാം. എബ്രായ ജാതിയെ ദൈവത്തിന്റെ ജനം അഥവാ യിസ്രായേൽ സഭയായി വേർതിരിക്കുന്നതിന് ദൈവം അബ്രഹാമിനെ തെരഞ്ഞെടുത്തു. അവനിൽകൂടി സകല ജനങ്ങളും അനുഗ്രഹിക്കപ്പെടേണ്ടതിന് (ഉല്പത്തി 18:18) ദൈവം അവനുമായി ഒരു ഉടമ്പടി ചെയ്തു. ദൈവം ഇപ്രകാരം അരുളി ചെയ്തു. ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിയ്ക്കും ദൈവമായിരിക്കേണ്ടതിന് എന്റെ നിയമത്തെ സ്ഥാപിക്കും. നിങ്ങളിൽ പുരുഷ പ്രജയൊക്കെയും പരിഛേദന ഏൽക്കണം. അത് എനിക്കും നിനക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം ആകും. തലമുറ തലമുറയായി നിങ്ങളിൽ പുരുഷ പ്രജയൊക്കെയും എട്ടു ദിവസം പ്രായമാകുമ്പോൾ പരിച്ഛേദന ഏല്ക്കേണം. ഏൽക്കാത്തവനെ ജനത്തിൽ നിന്നും ഛേദിച്ചു കളയേണം. അവൻ എന്റെ നിയമത്തെ ലംഘിച്ചിരിക്കുന്നു. (ഉത്പത്തി 17:7-14) എട്ടു ദിവസം മാത്രം പ്രായമുള്ളവനും ലോകപ്രകാരം തിരിച്ചറിവില്ലാത്തവനുമായ ശിശു പരിച്ഛേദന ഏററ് ദൈവവുമായുള്ള ഉടമ്പടിയുടെ അടയാളം സ്വീകരിച്ച് എബ്രായ സഭയുടെ അംഗമാകുന്നതിനാണ് ദൈവം കല്പിച്ചത്. കല്പന അനുസരിക്കാതിരുന്നവരെ ദൈവം ശിക്ഷി

---

സമൂഹഗാനം

I ഏലിസബേത്ത് ജോർജ്, ബിൻസി പി. സാമുവേൽ,
സജിതാ ജോർജ് സെ. ജോർജ്, അറത്തിൽ

II ജിബി ററി. മാത്യു' അൻസു എലിസബേത്ത്, ഷാജി ചെറിയാൻ
സെ. മേരീസ്, വെണ്മണി.

വേദവാക്യം.

I ഷൈനി. എ. ജോൺ. സെ. തോമസ്, കുരമ്പാല.

II ജോബി ജോർജ് എം. ജി. എം. കുളനട

പൊതുവിജ്ഞാനം

I സാജൻ കെ. ജെ. സെ. തോമസ്, കുരമ്പാല.

II. ഷൈനി. എ. ജോൺ. സെ. തോമസ്, കുരമ്പാല.

ക്കുക പെട്ടു. (യോശുവ 5;3-6) പരിച്ഛേദന ഏൽക്കാതിരുന്ന യിസ്രായേല്യർ കനാനിൽ പ്രവേശിക്കുവാൻ ദൈവം അനുവദിച്ചില്ല.

യിസ്രായേൽ സഭ മുഴുവനും എന്നു പറയുമ്പോഴൊക്കെയും അതിൽ പുരുഷന്മാരും സ്ത്രീകളും ശിശുക്കളും ഉൾപ്പെട്ടിരുന്നതായി സ്പഷ്ടമായി പറയുന്നുണ്ട്. യിസ്രായേൽ ജനം വാഗ്ദത്ത നാട് അവകാശമാക്കുന്നതിന് മുൻമ്പ് ഏബാലിൽ വച്ച് ദൈവത്തിന്റെ നിയമപ്പെട്ടകത്തിന് ഇരുവശങ്ങളിലും അവർ നിന്നു. ദൈവം മോശയോടു കല്പിച്ചിരുന്ന പ്രകാരം അനുഗ്രഹവും ശാപവുമായി ന്യായ പ്രമാണ വാക്യങ്ങൾ യോശുവാ വായിച്ചു ജനം എല്ലാം. ആമേൻ എന്നു പറഞ്ഞു (ആവ; 27 1-26 യോശുവ 8 33:35) ആവർത്തനം. 31 11-13 2 രാജാ 23:2 ആദിയായ ഭാഗങ്ങളും സഭ എന്നത് ശിശുക്കളും ഉൾപ്പെടുന്ന യിസ്രായേൽ ജനം ആണ് എന്ന് സ്പഷ്ടമാക്കുന്നുണ്ട്. ദൈവാലയത്തിലെ ആരാധനകളിലും ശിശുക്കൾ പങ്കെടുത്തിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. (2 ദിന. 20:13).

യിസ്രായേൽ ജനത്തിന്റെ ന്യായാധിപനും പ്രവാചകനുമായിരുന്ന ശമുവേൽ, ബാല്യം മുതൽ ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്തുപോന്നു. (1 ശമു 2:18) ബാലനായിരിക്കുമ്പോൾ തന്നെ ദൈവം അവന് പ്രത്യക്ഷപ്പെട്ട് ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങൾ അവനെ ഗ്രഹിപ്പിക്കുകയും അതുമൂലം അവനെ ഒരു പ്രവാചകനാക്കുകയും ചെയ്തു. (1 ശമ 3:1-2[

സഭയുടെ അംഗമാകുക എന്നതു കൊണ്ട് നാം ചെയ്യുന്നത് സാത്താനെ ഉപേക്ഷിച്ച് ദൈവത്തെ രക്ഷിതാവായി സ്വീകരിക്കുകയാണല്ലോ. സഭയുടെ അംഗമാകുമ്പോൾ അവന് പരിശുദ്ധാത്മദാനവും ലഭിക്കുന്നു. ദാവീദ് ഇപ്രകാരം പറയുന്നു. "ഗർഭത്തിൽ നിന്ന് ഞാൻ നിങ്കൽ ഏല്പിക്കപ്പെട്ടു. എന്റെ അമ്മയുടെ ഉദരം മുതൽ നീ എന്റെ ദൈവം" (സങ്കീ. 20;10) യിരമ്യാവിനെ ദൈവം അവന്റെ അമ്മയുടെ ഉദരത്തിൽ വച്ച് ശുദ്ധീകരിച്ചു. അവൻ ബാലനായിരിക്കുമ്പോൾതന്നെ അവനെ പ്രവാചകനായി ദൈവം നിയമിച്ചു. (യിര. 1:5-10) യോഹന്നാൻ സ്നാപകനും തന്റെ അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മ നിറവുള്ളവനായിരുന്നു (ലൂക്കോസ്. 1:15) മേൽ ഉദ്ധരിച്ച ഭാഗങ്ങളിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നു. ശിശുവായിരിക്കുക എന്നത് പരിശുദ്ധാത്മദാനം സ്വീകരിക്കുന്നതിന് തടസ്സമല്ല

യേശുവിന്റെ പരസ്യ ശുശ്രൂഷാകാലത്ത് തന്റെ വചനം കേൾക്കുന്നതിന് ധാരാളം ശിശുക്കളും ബാലന്മാരും വന്നിരുന്നു. അവരിൽ ഒരു ബാലൻ യേശുവിന് സമർപ്പിച്ച അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അവിടുന്ന്



അയ്യായിരം ജനങ്ങളെ തൃപ്തരാക്കി. യെരുശലേമിലേക്കുള്ള തന്റെ ജൈത്രയാത്രയിൽ യേശുവിനെ എതിരേൽക്കുവാൻ അനേകം ശിശുക്കളും പൈതങ്ങളും ഉണ്ടായിരുന്നു. ദൈവാലയത്തിൽ വച്ച് യേശുവിനെ സ്തുതിക്കുകയും ദാവീദു പുത്രന് ഹോശാന്നാ എന്ന് ആർത്തുവിളിക്കുകയും ചെയ്തു പൈതങ്ങളെക്കണ്ട് നീരസപ്പെട്ട് "ഇവർ എന്താണ് പറയുന്നത് എന്ന് നീ കേൾക്കുന്നില്ലേ?" എന്ന് പ്രധാന പുരോഹിതന്മാർ യേശുവിനോടു ചോദിച്ചു. അതിന് അവൻ "പൈതങ്ങളുടെയും ശിശുക്കളുടെയും വായിൽ നിന്ന് നീ പുകഴ്ച ഒരുക്കിയിരിക്കുന്നു എന്നുള്ളത് നിങ്ങൾ വായിച്ചിട്ടില്ലേ?" എന്നാണ് അരുളിച്ചെയ്തത്. പരിശുദ്ധാത്മപ്രേരിതരായിട്ടാണല്ലോ ഇവരും ദൈവത്തെ സ്തുതിച്ചത്.

യേശു കൈവച്ച് പ്രാർത്ഥിക്കേണ്ടതിന് ശിശുക്കളെ ചിലർ തന്റെ അടുക്കൽ കൊണ്ടുവന്നു. ശിഷ്യന്മാർ അവരെ വിലക്കി. എന്നാൽ യേശു "ശിശുക്കളെ എന്റെ അരികിൽ വരുവാൻ വിടുവിൻ. അവരെ തടയരുത്. സ്വർഗ്ഗരാജ്യം ഇങ്ങനെ ഉള്ളവരുടേതല്ലോ?" എന്നു പറഞ്ഞു, അവൻ അവരുടെ മേൽ കൈവച്ചു. (മത്തായി. 19:13-15) യേശു ക്രിസ്തുവിനെപ്പറ്റി യെശയ്യാവ് പ്രവചിച്ചത് നോക്കുക. 'ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻ കൂട്ടത്തെ മേയിക്കുകയും കുഞ്ഞാടുകളെ കയ്യിൽ എടുത്ത് മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും. (യെശ 40:11) മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാരിൽ പ്രധാനിയായ പത്രോസിനോട് ശിശുക്കളുടെ ആത്മീയ പരിപാലനത്തെപ്പറ്റി നിർദ്ദേശിക്കുന്നു. യേശു പത്രോസിനോട് "യോഹന്നാന്റെ മകനായ ശിമയോനേ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ" എന്നു ചോദിച്ചു. അതിന് അവൻ "ഉവ്വ് കർത്താവെ എനിക്ക് നിന്നോടു പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലൊ" എന്നു പറഞ്ഞു. "എന്റെ കുഞ്ഞാടുകളെ മേയ്ക്ക" എന്ന് അവൻ പറഞ്ഞു. (യോഹ. 21:15) അതിനു ശേഷം മാത്രമാണ് ആടുകളെ (മുതിർന്നവരെ) മേയ്ക്ക എന്ന് കർത്താവ് പത്രോസിനോടു പറയുന്നത്. സഭയിൽ ശിശുക്കൾക്ക് ആത്മീയ പരിപാലനം നൽകുന്നതിന് യേശു എത്രമാത്രം ജാഗ്രത പുലർത്തുന്നു എന്ന് ഇതിനാൽ നമുക്കു മനസിലാക്കാം.

യേശുവിന്റെ വത്സല ശിഷ്യനും തന്റെ നെഞ്ചിൽ ചാരിയിരുന്ന് അവിടുത്തെ വിചാരങ്ങൾ അറിഞ്ഞിരുന്നവനുമായ യോഹന്നാൻ തന്റെ ലേഖനത്തിൽ കുഞ്ഞുങ്ങളെ പ്രത്യേകം പരിഗണിച്ചിരുന്നു. പിതാക്കന്മാരെ, ആദി മുതലുള്ളവനെ നിങ്ങൾ അറിയുകയാൽ നിങ്ങൾക്ക് എഴുതുന്നു, യുവാക്കളെ നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാൽ നിങ്ങൾക്കെഴുതുന്നു. കുഞ്ഞുങ്ങളെ നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ

നിങ്ങൾക്കെഴുതുന്നു.' (1 യോഹ. 2:13) കുഞ്ഞുങ്ങൾ സഭയുടെ അംഗങ്ങൾ അല്ലാ എങ്കിൽ അവർക്കുംകൂടിയായിട്ട് അപ്പോസ്തോലൻ ലേഖനം എഴുതുകയില്ലല്ലൊ.

എബ്രായ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും കർത്താവിനെ അറിയുക എന്ന് ഉപദേശിക്കയില്ല. അവർ ആബാല വൃദ്ധം എല്ലാവരും എന്നെ അറിയും.' (എബ്രാ. 8:11) ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളരുന്ന കുഞ്ഞുങ്ങൾ ക്രിസ്തുവിനെ അറിഞ്ഞ് വളർച്ച പ്രാപിക്കും എന്ന് മേൽ ഉദ്ധരിച്ച ഭാഗങ്ങളിൽ നിന്നും നമുക്ക് മനസിലാക്കാം. വി. പൗലോസ് തിമോഥെയോസിനെ പററി പറയുന്നതും ഈ പശ്ചാത്തലത്തിൽ ആണല്ലൊ. (2 തിമൊ. 1:50, 3:14)

ശിശുക്കൾക്ക് ദൈവ സംസർഗ്ഗം പാടില്ല എന്ന് വിചാരിക്കുന്ന ഒരു കൂട്ടർ ഇന്നുള്ളതു പോലെ യേശു ക്രിസ്തുവിന്റെ മനുഷ്യാവതാര കാലത്തും ഉണ്ടായിരുന്നു. യേശു അവർക്ക് കർശനമായ താക്കീത് നൽകിയതു കൂടാതെ ശിക്ഷയും കല്പിച്ചിരുന്നു. സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആരാണ് എന്ന് ശിഷ്യന്മാർ യേശുവിനോട് ചോദിച്ചപ്പോൾ ഒരു ശിശുവിനെ അവരുടെ മദ്ധ്യത്തിൽ നിർത്തി. നിങ്ങൾ ശിശുക്കളെപ്പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു പറഞ്ഞു. 'ഈ ചെറിയവരിൽ ഒരുവന് ഇടർച്ച വരുത്തിയാലൊ അവന്റെ കഴുത്തിൽ വലിയൊരു തിരികല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തുന്നത് അവന് നല്ലത്' എന്നു പറഞ്ഞു. (മത്താ. 18:2-6) എത്ര കഠിനമായ ശിക്ഷയാണ് ശിശുവിരോധികൾക്ക് യേശു കല്പിക്കുന്നത് എന്നു നോക്കുക.

യിസ്രായേൽ സഭയിലും പിന്നീട് യേശുക്രിസ്തുവും അപ്പോസ്തോലന്മാരും ശിശുക്കൾക്ക് സഭയിൽ ഉചിതമായ സ്ഥാനം നൽകിയിരുന്നു എന്ന് നാം കണ്ടു കഴിഞ്ഞു. എന്നാൽ ഈ സമീപകാലത്ത് ചില കൂട്ടർ ശിശുക്കളെ സഭയുടെ അംഗങ്ങളായി ചേർക്കുന്നതിനെ ചോദ്യം ചെയ്യുന്നുണ്ട്. ഇത് അവരുടെ അജ്ഞത നിമിത്തമാകാം. എങ്കിലും അത് ക്രൂരവും അതിനാൽ ശിക്ഷാർഹവുമാണ് എന്ന് മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലൊ. ഇക്കൂട്ടർ തങ്ങളുടെ തെററ് മനസിലാക്കി അവർ പെട്ടിരിക്കുന്ന പൈശാചിക പരീക്ഷയിൽ നിന്ന് വിടുതൽ നേടി സത്യ വിശ്വാസത്തിലേക്കു തിരികെ വരുന്നതിന് അവരെ ഉൽബോധിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. അങ്ങനെ അവർ ആ കഠിന ശിക്ഷയിൽ നിന്ന് (മത്തായി 18:6) രക്ഷ പ്രാപിക്കുന്നതിന് പരിശുദ്ധാത്മാവ് അവരിൽ പ്രവർത്തിക്കട്ടെ!

''ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ'
(മത്തായി 18:10)

★



# മാതാപിതാക്കളും മക്കളും

## സരോജാ വർഗീസ്, ന്യൂയോർക്ക്

ആവർത്തന പുസ്തകം 6:6-7 'ഇന്നു ഞാൻ നിന്നോടു കല്പിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം: നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും, വഴി നടക്കുമ്പോഴും, കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം'.

എഫേസ്യ ലേഖനം 6:4 'നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാല ശിക്ഷയിലും പത്ഥ്യോപദേശത്തിലും പോററി വളർത്തുവിൻ.

വ്യത്യസ്ഥ സാഹചര്യങ്ങളിൽ ജനിച്ചു വളർന്ന സ്ത്രീയും പുരുഷനും വിവാഹമെന്ന മംഗള കർമ്മത്തിലൂടെ ഒന്നായിച്ചേർന്നു നയിക്കുന്ന പാവനമായ ചര്യയാണ് കുടുംബ ജീവിതം. കുടുംബം എന്ന സാമ്രാജ്യം വലുതാണ്. അതിന്റെ ഭാവി ഭദ്രമാക്കുവാനുള്ള താല്പര്യവും ദമ്പതിമാരിലുണ്ടായിരിക്കണം. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ അതുതന്നെ ചർച്ച ചെയ്യുകയും പരസ്പരം പങ്കുവയ്ക്കുകയും ചെയ്യുന്നതിലൂടെ കുടുംബജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നു.

ക്രിസ്തീയ കുടുംബ ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരകൻ ക്രിസ്തുവാണ്. പ്രശ്നങ്ങളെ നേരിടുവാനും അവയെ പരിഹരിപ്പാനുമുള്ള കഴിവ് ക്രിസ്തീയ ദമ്പതികൾക്കുണ്ടാവണം. ക്ഷമയും വിട്ടുവീഴ്ചയും സ്നേഹത്താൽ പരുഷത മറക്കുവാനുള്ള സന്നദ്ധതയും ജീവിതത്തെ മധുരമാക്കിത്തീർക്കുന്നു. കുടുംബ ജീവിതം ഒത്തു തീർപ്പിന്റേതാണ്. അതിനാൽ വീഴ്ചകൾ പരസ്പരം സഹിച്ചും ക്ഷമിച്ചും ഭിന്നിക്കാത്ത സ്നേഹം അഭിരാമം കാത്തു കൊള്ളുകയാണ് വേണ്ടത്.

കുടുംബ ജീവിതം ദൈവസന്നിധിയിൽ ഉത്തരവാദിത്വ പൂർവ്വം നയിക്കേണ്ടതത്രെ. ദൈവത്തിന്റെ കല്പന പ്രകാരം നമ്മുടെ കുടുംബ ജീവിതം നയിക്കുന്നുവോ? നീതിക്കും ന്യായത്തിനും അവിടെ സ്ഥാനമുണ്ടോ? ഇവ സ്വയം ശോധന ചെയ്യേണ്ടതാണ്. അങ്ങനെയുള്ള ദമ്പതികൾക്ക് ദൈവ ബോധവും നീതിനിഷ്ഠയുമുള്ള മക്കളെ ലഭിക്കുന്നു. വിട്ടുവീഴ്ചയ്ക്കും ത്യാഗത്തിനും തയ്യാറില്ലാത്ത കുടുംബത്തിൽ സ്വസ്ഥത നശിക്കുന്നു. തന്മൂലം കുടുംബാംഗങ്ങൾ നിത്യ ദുഃഖത്തിനു കാരണക്കാരായിത്തീരുന്നു. പരസ്പരം കുററപ്പെടുത്താതെ ഭാര്യാ ഭർത്താക്കന്മാർ സ്നേഹത്തിലൂടെ കാര്യങ്ങൾ നോക്കിക്കാണുകയും ക്ഷമിച്ചും

സഹിച്ചും പൊരുത്തപ്പെട്ടും പോകുകയും ചെയ്യേണ്ടതാണ്. സ്നേഹത്തിന്റെ മുമ്പിൽ തോൽക്കാത്തതൊന്നുമില്ല. "സ്നേഹം ദീർഘമായി ക്ഷമിക്കുന്നു, ദയ കാണിക്കുന്നു.'

വിവാഹം പുഷ്പിക്കുന്നത് ദമ്പതികൾ മാതാപിതാക്കളായി മാറുമ്പോഴാണ്. തലമുറകളിൽ നിന്നും തലമുറകളിലേക്ക് ജീവനെ കൈമാറുന്ന ദൈവത്തിന്റെ അത്യത്ഭുതകരമായ പദ്ധതിയുടെ ശ്രേഷ്ഠ ഘടകമാണ് പൈതൽ. ഭവനമാണ് കുഞ്ഞിന്റെ ആദ്യത്തെ അദ്ധ്യാത്മ വിദ്യാലയം. മാതാപിതാക്കളാണ് കുഞ്ഞിന്റെ ആദ്യത്തെ അദ്ധ്യാപകർ. ഭവനമാകുന്ന വിദ്യാലയത്തിലാണ് കുട്ടി ശരിയും തെററും വിവേചിച്ചറിയുന്നത്. മാതാപിതാക്കളാണ് ശരിയും തെററും ഏതെന്ന് ചൂണ്ടിക്കാണിക്കുന്നത്. മക്കളെ നല്ല കാര്യങ്ങൾ പറഞ്ഞു മനസിലാക്കുന്നതിന് ഉന്നത വിദ്യാഭ്യാസമൊ വലിയ കഴിവുകളോ അല്ല മാനദണ്ഡം. നമുക്ക് ശിക്ഷണം നൽകുന്നത് ദൈവ വചനമാണ്. അത് മൃദുലവും ലളിതവും ദയാ പൂർണ്ണവുമാണ്. നാം ദൈവത്തിന്റെ ഗൃഹവിചാരകരാണെന്നും ആത്മീയത്തിലധിഷ്ഠിതമായ ഭൗതിക ജീവിതമാണ് മാതാപിതാക്കൾ നയിക്കുന്നതെന്നും കുഞ്ഞുങ്ങൾ അറിയണം. തങ്ങളുടെ മാതാപിതാക്കളുടെ വ്യക്തിത്വത്തെപ്പററി അവർ മനസിലാക്കണം. മാതാപിതാക്കൾ മക്കളോടു സംസാരിക്കുന്ന രീതി അവരുടെ വളർച്ചയെ വളരെയധികം സ്വാധീനിക്കും. "നാവിന്റെ ശാന്തത ജീവവൃക്ഷമാണ്." പരുഷമായ ഭാഷണം കുഞ്ഞുങ്ങളുടെ ആത്മവീര്യം നഷ്ടപ്പെടുത്തുന്നു. മനസിൽ ഭയവും ജീവിതത്തിൽ പോറലുകളും സൃഷ്ടിക്കുന്നു. പിതാവു ശിക്ഷിക്കുമ്പോൾ മാതാവ് കുഞ്ഞുങ്ങളുടെ മുമ്പിൽ വച്ച് അതേപ്പററി ചോദ്യം ചെയ്യരുത്. ശാന്തമായി ഭാര്യാഭർത്താക്കന്മാർ തമ്മിൽ കുഞ്ഞുങ്ങളുടെ സാന്നിദ്ധ്യത്തിലല്ലാതെ വേണം പറയുവാൻ. ഏതെങ്കിലും തരത്തിൽ തെററിദ്ധരിച്ച് കുഞ്ഞുങ്ങളെ ശിക്ഷിക്കേണ്ടി വന്നാൽ അവരോടു ക്ഷമ ചോദിക്കുവാൻ മടിക്കരുത്. അത് അവരിൽ ക്ഷമാശീലം വളർത്തിയെടുക്കാൻ സഹായിക്കും.

കുഞ്ഞുങ്ങളുടെ മുമ്പിൽ മാതൃക കാട്ടുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ വാക്കും പ്രവൃത്തിയും ഒരേ രേഖയിലായിരിക്കണം. ഞാൻ പറയുന്നതുപോലെ ചെയ്യണം എന്നു പറയുന്നതിനെക്കാൾ ഉപരി മാതൃക കാണിച്ചുകൊടുക്കുന്നതായിരിക്കും ഉത്തമം. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. വൃദ്ധനായാലും അവൻ അതിനെ വിട്ടുമാറുകയില്ല. നമ്മുടെ കുഞ്ഞുങ്ങളെ ശരിയായ ശിക്ഷണം നൽകി വളർത്തുന്നതിൽ കൂടി മാതാപിതാക്കളും കുഞ്ഞുങ്ങളുമായുള്ള ബന്ധവും സൗഹൃദ ബന്ധവും അരക്കിട്ടുറപ്പിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള മാതാപിതാക്കൾ അനുഗൃഹീതരാകും. 'അവളുടെ മക്കൾ എഴുന്നേററ് അവളെ ഭാഗ്യവതിയെന്ന് പുകഴ്ത്തുന്നു.
(സദൃശവാക്യം 31:26)

കുഞ്ഞുങ്ങളുടെ ഭാവി ഭദ്രമാക്കുവാൻ വേണ്ടി അഹോരാത്രം പണി ചെയ്യുന്ന മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളെ സന്മാർഗ്ഗബോധമുള്ളവരാക്കിത്തീർക്കാൻ സാധിക്കുന്നുണ്ടോ? ക്രൈസ്തവ മൂല്യങ്ങൾ പരിരക്ഷിക്കുന്നതിൽ പരാജയപ്പെടുന്നുണ്ടോ എന്നു നാം എല്ലാവരും സ്വയം പരിശോധന ചെയ്യണം. ഒരളവിൽ മാതാപിതാക്കളുടെ സ്വാധീനം ഇന്ന് മക്കളിൽ കുറഞ്ഞുകൊണ്ടിരിക്കുന്നതായാണ് നാം കാണുന്നത്. നമ്മുടെ പ്രതികൂലങ്ങളെ അനുകൂലമാക്കുവാൻ കഴിവുള്ള കർത്താവിന്റെ കരങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങളെ നാം ഏല്പിച്ചുകൊടുക്കണം. യിസ്രായേൽ മക്കളെ അറിയാത്ത വഴിയിൽ കൂടി നടത്തിയ ദൈവം ഇന്നും നമ്മോടുകൂടിയുണ്ട്. നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി അവിടുത്തെ കരങ്ങളിൽ സുരക്ഷിതമാണ്.

മാതാപിതാക്കളുടെ തനിപ്പകർപ്പാണ് കുഞ്ഞുങ്ങൾ എന്നു പറയാറുണ്ട്. താഴ്മയുള്ള മാതാപിതാക്കൾക്കു മാത്രമെ താഴ്മയുള്ള കുഞ്ഞുങ്ങളെ ലഭിക്കൂ. നമ്മുടെ കുഞ്ഞുങ്ങളെ താഴ്മയുള്ളവരായി വളർത്തുവാൻ നമുക്കു കഴിയണം. ഈ ലോക ജീവിതം സുഖസമൃദ്ധിയുടേതു മാത്രമല്ല. ഒന്നൊന്നായി പ്രശ്നങ്ങളും പ്രയാസങ്ങളും നിറഞ്ഞതാണ്. അതിന്റെ മദ്ധ്യത്തിൽ മാതാപിതാക്കൾ ദൈവസന്നിധിയിൽ സമർപ്പണബോധമുള്ളവരായിരിക്കേണം. നീണ്ട ജീവിത വഴിത്താരയിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ദൈവഹിതം മനസിലാക്കി ജീവിക്കുവാൻ നമ്മുടെ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കണം. മാതാപിതാക്കൾ സഹാനുഭൂതിയുള്ളവരായിരിക്കണം. സമൂഹത്തിന്റെ ഹൃദയ സ്പന്ദനങ്ങളെ ഉൾക്കൊള്ളുന്നതിൽക്കൂടി മററുള്ളവരുടെ ആവശ്യങ്ങളിൽ കരുതൽ കാട്ടുവാൻ കഴിയണം. നാം സമൃദ്ധമായി ജീവിക്കുമ്പോൾ പ്രയാസം അനുഭവിക്കുന്നവരെപ്പററി നമ്മുടെ കുഞ്ഞുങ്ങളും ബോധവാന്മാരാകണം. മററുള്ളവരെ സ്നേഹിപ്പാനും ബഹുമാനിക്കുവാനും ശുശ്രൂഷിപ്പാനും നമ്മുടെ ഇളം തലമുറയെ നാം പരിശീലിപ്പിക്കണം. ദാനത്തിലൂടെ ദൈവികാനുഗ്രഹം പ്രാപിക്കുവാൻ നാം തയ്യാറാവണം.

ദിവസം ഒരു നേരമെങ്കിലും മാതാപിതാക്കളും മക്കളുമായി ഒരുമിച്ചിരുന്ന് അന്നന്നത്തെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടത് ആവശ്യമാണ്. ദിവസം ഒരു നേരമെങ്കിലും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുവാനുള്ള അവസരം ഉണ്ടായിരിക്കേണം. ഭക്ഷണവേള കൂട്ടായ്മയുടെ സമയമായിരിക്കണം. ഭക്ഷണം കഴിക്കുന്നതിനുപരിയായി പരസ്പരം കരുതാനും പങ്കുവയ്ക്കാനും ഉള്ള പരിശീലനം അവിടെ നടക്കേണം. മ

# ഇരുളും നിഴലും

## ഫാ. ജോൺ തോമസ്, കരിങ്ങാട്ടിൽ

ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച കുടുംബ വർഷം എരിഞ്ഞടങ്ങുന്നു. മാറുന്ന ലോകത്തിൽ തീരുമാനങ്ങളും ചുമതലകളും ബാക്കി പത്രം. ആഗോളതലത്തിൽ പല ചർച്ചകളും പഠനങ്ങളും കുടുംബവർഷത്തോട് അനുബന്ധിച്ചു നടന്നു. സഭകളും സജീവമായി പ്രതികരിച്ചു.

മാറുന്ന ലോകത്തിൽ മാറുന്ന കുടുംബ സങ്കല്പം നില നിൽക്കുന്നു. വിദേശ സംസ്കാരത്തോടുള്ള പ്രതിപത്തി അനുദിനം വർദ്ധിക്കുന്നു. ഇതു പല കുടുംബ ബന്ധങ്ങളെയും വിഴുങ്ങുന്നു.

ക്രൈസ്തവ ദർശനം പ്രതിഫലിക്കുന്ന കുടുംബങ്ങൾ സഭയിലും വിരളമാകുന്നു. കഷ്ടതയിലും സൗഭാഗ്യകരമായി കരുതിയ ക്രിസ്തീയ ജീവിതം പലരിലും ദ്രവിച്ചു തുടങ്ങി. സഭയും 'ഭൗതിക'തയിൽ വേരുറപ്പിച്ചു. അതോടെ ആദ്ധ്യാത്മികത പലരിലും 'സുഗന്ധ ധൂപമായി' അവശേഷിക്കുന്നു.

## വഴിത്തിരിവ്

വിദ്യാഭ്യാസ നവോത്ഥാനവും വ്യവസായവൽക്കരണവും സമൂഹത്തിൽ പുതിയ ചലനങ്ങൾ ... ക്കും സ്കൂളുകളിലും കോളജുകളിലുമുണ്ടായ നല്ലതും തീയതുമായ കാര്യങ്ങൾ ഉള്ളു തുറന്നു സംസാരിക്കട്ടെ. തള്ളേണ്ടതിനെ തള്ളി കൊള്ളേണ്ടതിനെ കൊണ്ട് തിരുത്തലോടെ പുതിയ ദിവസം ആരംഭിക്കുവാൻ ഇതു കാരണമാകും.

അമേരിക്കപോലെയുള്ള വികസിത രാജ്യങ്ങളിൽ മാതാപിതാക്കൾക്ക് അടിച്ചും ശിക്ഷിച്ചും കുട്ടികളെ വളർത്താൻ അവകാശമില്ല. ലോകത്തിൽ നിന്നുമുള്ള എല്ലാ രാജ്യങ്ങളിൽ നിന്നും കുടിയേറിപ്പാർക്കുന്ന ജനങ്ങളുടെ ഒരു സമ്മിശ്ര സംസ്കാരമാണ് അമേരിക്കയിലും മറ്റും. ഇന്ത്യയുടെ പ്രാചീന സംസ്കാരത്തെപ്പറ്റി ഏഴാം കടലിനക്കരെയുള്ളവർക്ക് വേണ്ടത്ര ധാരണയില്ല. രണ്ടായിരം വർഷത്തെ ക്രൈസ്തവ പാരമ്പര്യമുള്ള മലയാള മണ്ണിന്റെ മക്കളാണ് ഓരോ ക്രൈസ്തവ കുടുംബവും. സമൂഹത്തിന്റെ പ്രേരണയ്ക്കു മുൻപിൽ വെച്ചു വെച്ചു നിൽക്കുന്ന നമ്മുടെ യുവതലമുറയോടുള്ള നമ്മുടെ കടമ നാം മറക്കരുത്. ഇളം തലമുറയുടെ ഉദ്ധാരണം നാം ശക്തമാക്കണം. അതിനു നമ്മുടെ ക്രൈസ്തവ കുടുംബങ്ങൾ ഉണരണം. 'ഞാനും എനിക്ക് ദൈവം തന്ന മക്കളും' എന്നു പറയുന്നത് ക്രൈസ്തവ മാതാപിതാക്കളുടെ അഭിമാനം ആയിരിക്കേണം.

★



സൃഷ്ടിച്ചു. ഗ്രാമത്തിൽ നിന്നും ജനം നഗരത്തിലേക്ക് കുടിയേറി. കൂട്ടുകുടുംബം അതോടെ തകർന്നു. നഗരങ്ങളിൽ നിന്നുയർന്നുവന്ന "ന്യൂക്ലിയർ കുടുംബം" ഗ്രാമങ്ങളിൽ സജീവമായി. പ്രിന്റ് - ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ജനങ്ങളെ നിയന്ത്രിക്കുന്നു. എങ്കിലും "വിജ്ഞാന യുഗം" ആശങ്കയും അരക്ഷിതാവസ്ഥയും വർദ്ധിപ്പിക്കുന്നു. കുടുംബ ബന്ധങ്ങളിൽ 'സാററ് ചാനലുകൾ' വെല്ലുവിളികളുയർത്തുന്നു.

വിവാഹം ആവശ്യമില്ലാത്ത സ്ത്രീ പുരുഷ ബന്ധങ്ങൾ. കുഞ്ഞുങ്ങൾ വേണ്ടാത്ത ദാമ്പത്യം. കുഞ്ഞുങ്ങളെ മാതാപിതാക്കളിൽ നിന്നും അകററുന്ന സാഹചര്യങ്ങൾ, മക്കളെ 'ഗ്രാന്റ് പേരന്റ്സിനെ' ഏല്പിച്ചിട്ട് മണലാരണ്യത്തിൽ സ്വപ്നം വിതയ്ക്കുന്നവർ......വിവാഹങ്ങളായ 'സാഹചര്യങ്ങളിൽ' 'കുടുംബം' ..മു] ന്നോട്ട്

'മരണം വേർപിരിക്കും വരെ ഒന്നായിരിക്കേണ്ട' ദാമ്പത്യ ബന്ധം നഷ്ടപ്പെടുന്നില്ലേ? 'മാർ തോമ്മാ ക്രിസ്ത്യാനികളിൽ' (St. Thomas Christians) "വിവാഹബന്ധം" ഇല്ലായിരുന്നെങ്കിലും ഇപ്പോൾ അതും സർവ്വ സാധാരണമാകുന്നില്ലേ?

കുടുംബം പുതിയ മേച്ചിൽ പുറങ്ങൾ തേടുമ്പോൾ നഷ്ടപ്പെടുന്നത് പവിത്രമാകേണ്ട കുടുംബത്തെയാണ്.

കുടുംബ ബന്ധങ്ങളിൽ വികലമായ സങ്കല്പങ്ങൾ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നു. അർത്ഥശൂന്യത പലർക്കും പ്രകടമാകുന്നു. 'ഭദ്രമായ സമൂഹമൊ' 'ഭദ്രമായ കുടുംബമൊ' കണ്ടെത്തുവാൻ പ്രയാസം. 'സാമ്പത്തിക ഭദ്രതയിലാണ് ലക്ഷ്യം. ഇതിനായുള്ള ആദ്ധ്യാത്മികതയും വളർച്ച പ്രാപിച്ചു. ഉത്തരവാദിത്തവും പ്രതിബദ്ധതയും നഷ്ടപ്പെടുന്നു. സത്യവും നീതിയും കുടുംബങ്ങളിലും കാണപ്പെടുന്നില്ല.

## ഭദ്രമായ തായ്‌വേരുകൾ

ഭദ്രമായ കുടുംബത്തിന്റെ തായ്‌വേരുകൾ ഇന്ത്യൻ സംസ്കാരത്തിലുണ്ട്. മറേറതു സംസ്കാരത്തെക്കാളും ഇത് ശ്രേഷ്ഠമാകുന്നു. ബന്ധങ്ങളിൽ ദൃഢതയുണ്ട്, ആഴമുണ്ട്, എന്നാലത് തുരക്കുന്ന പ്രവണത തകർക്കുന്നത് കുടുംബ ജീവിതത്തെയാണ്.

കുടുംബങ്ങളിൽ കേന്ദ്രീകൃതമായ ആദ്ധ്യാത്മികത, ദാമ്പത്യത്തിന്റെ ദൃഢത, അവിഛേദിതമായ കുടുംബ ബന്ധങ്ങൾ. മാതൃകാപരമായ സംസ്കാരങ്ങളുടെ സ്വാംശീകരണം, പ്രവർത്തന സരണികളിലെ കൂട്ടായ്മ ആതിഥേയത്വ മനോഭാവം. ഉററ സുഹൃത്ബന്ധങ്ങൾ, സാമ്പത്തിക കൈത്താങ്ങലുകൾ.... ഇവയെല്ലാം സംസ്കാരത്തിൽ പ്രഫുല്ലമായ ഐശ്വര്യങ്ങളാണ്. സദാചാരങ്ങളും ധാർമ്മിക സംഹിതകളും ത

ലമുറയെ പഠിപ്പിച്ചിരുന്നതും കുടുംബ പശ്ചാത്തലത്തിലാണ്. എന്നാൽ ഇവയെല്ലാം ഇന്ന് കുടുംബത്തിൽ നിന്നും പടിയിറങ്ങുന്നു. പഴയ മൂല്യങ്ങൾ അടിച്ചുവാരി പുറത്തെറിഞ്ഞ് പുത്തൻ സംസ്കാരം പറിച്ചു നടാനുള്ള മത്സരം ശക്തമാണ്. ഇവിടെയും നഷ്ടപ്പെടുന്നത് ദൃഢമായ കുടുംബ ബന്ധമാണ്.

ഭാര്യയും ഭർത്താവും കുഞ്ഞുങ്ങളും-ഒന്നിച്ചു വസിക്കുന്ന ജീവിതം ആധുനിക കുടുംബങ്ങൾക്ക് നഷ്ടപ്പെടുന്നു. ദമ്പതികൾ താൽക്കാലികമെങ്കിലും വേർപിരിഞ്ഞു താമസിക്കുന്ന പ്രവണതയാണ്. കുഞ്ഞുങ്ങൾ മാതാപിതാക്കളിൽ നിന്നും അകലുന്നു. ബന്ധങ്ങൾ എല്ലാം മിഥ്യയിലേക്ക് സ്നേഹവും സന്തോഷവും കുറുക്കു വഴികളിൽ!

കുടുംബം പറുദീസയാക്കുവാൻ സാമ്പത്തിക ഭദ്രതയ്ക്കു കഴിയുമൊ? പാലും തേനും ഒഴുകുന്ന കനാനായി സ്വന്തം വാസസ്ഥലത്തെ രൂപപ്പെടുത്തുവാൻ ഭർത്താവിൽ നിന്നു ഭാര്യയൊ, ഭാര്യയിൽ നിന്നു ഭർത്താവൊ എത്രകാലം വേണമെങ്കിലും അകന്നുമാറി കഠിനാദ്ധ്വാനം ചെയ്യുവാൻ തയ്യാറാകുന്നു. കുടുംബ ബന്ധങ്ങൾ തകർത്താലും സാമ്പത്തിക ഭദ്രതയ്ക്കായി ജീവിതം മാററിവയ്ക്കുന്നു. ഇത് കുടുംബങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളെ വിസ്മരിപ്പിക്കുന്നു.

## ഇനിയും മുറിവുകൾ

രൂക്ഷമായ പ്രശ്നങ്ങൾ കൊണ്ടു നീറുന്ന കുടുംബങ്ങൾ നിലനിൽക്കുന്നു. പ്രശ്നങ്ങൾ പങ്കുവയ്ക്കാൻ കഴിയാതെ മനസിൽ വെന്തെരിയുകയാണ്. സങ്കീർണ്ണതയും അസ്വസ്ഥതകളും മനസിലൂടക്കി കിടക്കുമ്പോഴും. മൗനമായി മന്ദഹസിക്കുവാൻ തയ്യാർ.

വിവാഹമോചനവും സ്ത്രീ പീഡനവും വർദ്ധിക്കുന്നു.

പെൺകുഞ്ഞുങ്ങളോടുള്ള വേർതിരിവും വാർദ്ധക്യത്തിലെത്തിയവരോടുള്ള അവഗണനയും ഏറിവരുന്നു. അന്ധമായ പാശ്ചാത്യാനുകരണം എവിടെയും സദാചാര മൂല്യങ്ങൾ പിഴുതെറിയപ്പെടുന്നു. ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ കുടുംബങ്ങളിൽ പുത്തൻ സംസ്കാരം സൃഷ്ടിക്കുന്നു. ജീവിതം തികച്ചും യാന്ത്രികമാകുന്നു.

സാധാരണക്കാരുമായി ഏകീഭവിക്കുവാനൊ അവരുടെ കണ്ണീരൊപ്പുവാനൊ കഴിയുന്നില്ല. സ്വയ കേന്ദ്രീകൃതമായ മനോഭാവം പ്രകടമാകുന്നു. സ്വന്തം ലാഭമാണ് പ്രധാനം. കൂട്ടായ ചിന്തകളും പ്രവർത്തനങ്ങളും അന്യമാകുന്നു; കുടുംബത്തിൽ നിന്നും അന്താരാഷ്ട്ര കുടുംബ വർഷം (International Year of Family 1994) നിർദ്ദേശിക്കുന്ന ചിന്തകൾ ശ്രദ്ധിക്കുക.

1 സമൂഹത്തിലെ ഏററവും ചെറിയ ജനാധിപത്യ ഘടകമായ കുടുംബത്തിൽ പരസ്പര അംഗീകാരവും സ്നേഹവും പങ്കുവയ്ക്കണം. ശാന്തിയും സമാധാനവും വളർത്തണം. ഐക്യവും സൗഹൃദവും വീണ്ടെടുക്കണം. ക്രിസ്തീയ മൂല്യങ്ങൾ ഭവനങ്ങളിൽ പ്രസരിക്കണം.

(2) കുടുംബത്തിൽ സ്ത്രീപുരുഷ വേർതിരിവ് ഇല്ലാതാകണം. സമത്വ പങ്കാളിത്തം ലക്ഷ്യമാകണം. സ്ത്രീ പീഡനവും പെൺശിശുഹത്യയും അനുവദിച്ചുകൂടാ. സ്ത്രീകൾക്ക് മാന്യമായ സ്ഥാനം കുടുംബത്തിൽ നൽകി ജീവിത ക്രമത്തിൽ മുഖ്യപങ്കാളിത്തം സൃഷ്ടിക്കണം.

(3) വാർദ്ധക്യത്തിലെത്തിയ വരെ "വൃദ്ധസദനത്തിൽ" പാർപ്പിക്കരുത്. അവരെ സ്വന്തം വീട്ടിൽ താമസിപ്പിച്ച് സംരക്ഷിക്കുക. വൃദ്ധസദനങ്ങളെ പ്രോത്സാഹിപ്പിക്കരുത് വാർദ്ധക്യത്തിലെത്തിയവരെ സംരക്ഷിക്കുവാൻ പഠിപ്പിക്കണം.

(4) കുടുംബങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സംഭാഷണങ്ങളും പൊട്ടിച്ചിരിയും വീണ്ടെടുക്കണം. കുടുംബാംഗങ്ങൾ ഉററ ബന്ധം പുലർത്തണം. ദമ്പതികൾ മക്കളോടൊത്ത് ഒന്നിച്ചു വസിക്കണം.

(5) ആദ്ധ്യാത്മികവും ധാർമ്മികവുമായ പരിശീലനം കുട്ടികൾക്ക് ഭവനത്തിൽ നൽകണം. സത്യത്തിനും നീതിക്കും വേണ്ടി നിലനിൽക്കാൻ പഠിപ്പിക്കണം. മതബഹുലമായ രാഷ്ട്രത്തിൽ ഇതര മതാംഗങ്ങളുമായി സൗഹൃദത്തിലും, സഹിഷ്ണതയിലും സഹകരിക്കുവാൻ ശ്രദ്ധിക്കണം.

★



# സംസാരത്തിൽ ഉണ്ടായിരിക്കേണ്ട ജാഗ്രത

(മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ ന്യൂയോർക്ക്)

വചനത്തിന്റെ ശക്തി അദ്വിതീയമാണ്. വളരെയേറെ നന്മയും അതുപോലെ തിന്മയും സംസാരത്തിൽക്കൂടി ഉണ്ടാകുന്നു. അതിനാൽ സംസാരത്തിൽ ആത്മനിയന്ത്രണം പാലിക്കേണ്ടതിന്റെയും നല്ലവാക്കുപറയേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ച് ചിന്തിക്കാം. സ്ത്രീപുരുഷഭേദമന്യെ ഏതു പ്രായക്കാരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. എറിഞ്ഞ കല്ലും പറഞ്ഞ തിരിച്ചെടുക്കാൻ വയ്യ എന്നാണല്ലൊ പഴഞ്ചൊല്ല്.

## വേദനയും ശത്രുതയും ഉളവാക്കുന്ന സംസാരം

വാക്കുകളിൽക്കൂടി കഠിനമായി മുറിവേല്പിക്കുന്നവരുണ്ട്. മനുഷ്യരുടെ രഹസ്യമായ ബലഹീനതകളും കുററങ്ങളും പ്ര

സ്യമാക്കുകയും, അശ്ലീല വാക്കുകൾ ഉപയോഗിച്ചു പരിഹസിക്കുകയും, മാതാപിതാക്കളെയും കുടുംബപാരമ്പര്യത്തെയും അധിക്ഷേപിക്കുകയും ചെയ്യുന്നവർ അവരുടെ സംസാരം കൊണ്ട് അടങ്ങാത്ത ഹൃദയവേദനയും, പ്രതികാരബുദ്ധിയും ജ്വലിപ്പിക്കുന്നു. ഇങ്ങനെയുള്ള സംസാരങ്ങൾ വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും ഉള്ള അക്രമങ്ങൾക്ക് വഴിമരുന്ന് കത്തിക്കുകയാണ് ചെയ്യുന്നത്. തന്മൂലം ആർക്കും നിയന്ത്രിക്കാൻ പററാതെയും എന്തുചെയ്യുന്നു എന്ന് ബോധമില്ലാതെയും ഇരുകൂട്ടരും പരസ്പരം നശിപ്പിക്കുന്നു; കാട്ടുതീപോലെയാണ് ഇതിൻെറ പ്രവർത്തനം. കുറഞ്ഞ തീ എത്രവലിയ കാടും കത്തിക്കുന്നു. നാവും ഒരു തീ തന്നെ. അത് അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്താൽ അത് തീ പിടിക്കുകയും ചെയ്യുന്നു. (വി. യാക്കോബ് 3:5-6) എന്ന് വി. യാക്കോബ് പറയുന്നു. വാളുകൊണ്ട് കുത്തുംപോലെ മൂർച്ചയായി സംസാരിക്കുന്നവരുണ്ട് (സദൃ:12:18) എന്നും മരണവും ജീവനും നാവിൻെറ അധീകാരത്തിൽ ഇരിക്കുന്നു.'' (സദൃ: 18:21) എന്നും ജ്ഞാനിയായ ശലോമോൻ പറയുന്നു.

## പരിഹാസം

വേദനയും ശത്രുതയും ഉളവാക്കുന്ന സംസാരത്തിൽപ്പെട്ടതാണ് പരിഹാസം. മനപ്പൂർവ്വമല്ലാതെ കേവലം രസത്തിനുവേണ്ടി പരിഹസിക്കുന്നവരുണ്ട്. തന്മൂലം സ്നേഹ ബഹുമാനങ്ങൾ നഷ്ടപ്പെടുക മാത്രമല്ല ശത്രുത ഉളവാക്കുകയും ചെയ്യും. ''പരിഹാസിയെ നീക്കിക്കളക. അപ്പോൾ പിണക്കവും നിന്ദയും നിന്നുപോകും (സദൃശ: 22:10) എന്ന് ജ്ഞാനിയായ ശലോമോൻ പറയുന്നു. ഏതൊരുവനും പരിഹാസത്തെ വെറുക്കുന്നതിനാൽ മററുള്ളവരെ പരിഹസിക്കുന്നത് ന്യായീകരിക്കത്തക്കതല്ല. പരിഹാസം മിത്രത്തെ ശത്രുവാക്കുമ്പോൾ അഭിനന്ദനം ശത്രുവിനെ മിത്രമാക്കുന്നു.

## ഏഷണി

ഏഷണി മൂലം മനുഷ്യർ ശത്രുക്കളായിതീരുന്നതിന് ഉദാഹരണമാണ് നാരദൻെറ ഏഷണി. ''ഏഷണിക്കാരൻ മിത്രങ്ങളെ ഭിന്നിപ്പിക്കുന്നു. (സദൃ; 16:28) വിവേചനമില്ലാതെ കേട്ടതെല്ലാം പറയുന്നവർ ഫലത്തിൽ ഏഷണിക്കാരായിത്തീരുന്നു. തന്മൂലം ഏഷണിയിൽ നിന്നും പൂർണ്ണമായി ഒഴിഞ്ഞവർ ആരെങ്കിലുമുണ്ടോ എന്ന് സംശയമാണ് ഏഷണി പറയാതെ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗം മനുഷ്യരെ തമ്മിൽ അടുപ്പിക്കുന്നതും ബഹുമാനിക്കുന്നതുമായ കാര്യങ്ങളെ പറയൂ എന്ന നിഷ്ഠ പാലിക്കുകയാണ്.

(തുടരും)



# ദിവ്യബോധനം ദശവാർഷികം ആഘോഷിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആത്മായ പരിശീലനക്കളരിയായ ദിവ്യബോധനം പഠന പദ്ധതി ദശവർഷികം ആഘോഷിക്കുന്നു. ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ചുമതലയിൽ 1984 ലാണ് ഈ പദ്ധതി ആരംഭിച്ചത്. കഴിഞ്ഞ നാല് ബാച്ചുകളിലായി ആയിരത്തിൽപരം വിദ്യാർത്ഥികൾ സർട്ടിഫിക്കററ്/ഡിപ്ലോമാ/ തിരുവചനഭാഷ്യം എന്നീ പഠനം പൂർത്തിയാക്കി സഭയുടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു. ഡോക്ടർമാർ, എൻജിനിയർമാർ, കോളേജ് അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, ബിസിനസുകാർ വീട്ടമ്മമാർ കന്യാസ്ത്രീകൾ, വിദ്യാർത്ഥികൾ തുടങ്ങി ജീവിതത്തിൻെറ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ ഇവരിൽ ഉൾപ്പെടുന്നു. ഇപ്പോൾ നടക്കുന്ന അഞ്ചാം ബാച്ചിൽ 369 പേർ 45 കേന്ദ്രങ്ങളിലായി പഠനം നടത്തിവരുന്നു.

ദശവാർഷികത്തിൻെറ ഭാഗമായി ത്രിവത്സര ഡിഗ്രികോഴ്സ്, ദിവ്യബോധനം ബുക്ക് ക്ലബ് എന്നിവ ആരംഭിക്കുന്നു. ദിവ്യബോധനത്തിൻെറ രജിസ്ട്രാറായി സെമിനാരി അദ്ധ്യാപകനായ ഫാ. ജോർജ് പുലിക്കോട്ടിനെയും സെൻട്രൽ ഓർഗനൈസറായി ചെങ്ങന്നൂർ ഭദ്രാസനത്തിൽ ദിവ്യബോധനം ഡയറക്ടറായി പ്രവർത്തിച്ചുവരുന്ന ശ്രീ. സി. എം. തങ്കച്ചനെയും പുതുതായി നിയമിച്ചു.

1995 മാർച്ച് 2 ന് നടക്കുന്ന സെമിനാരി കോൺവൊക്കേഷനിൽ വച്ച് ഡിഗ്രി കോഴ്സ് ഉദ്ഘാടനം ചെയ്യപ്പെടും. ദിവ്യബോധനം പഠന പദ്ധതിയുടെ P. O. C E, D O C E എന്നീ കോഴ്സുകൾ അമ്പതു ശതമാനം മാർക്കോടെ പാസ്സായവർക്കുമാത്രമേ ഡിഗ്രികോഴ്സിൽ പ്രവേശനം ലഭിക്കുകയുള്ളൂ. വൈദിക സെമിനാരി അദ്ധ്യാപകർ തയ്യാറാക്കുന്ന 15 പുസ്തകങ്ങളുടെ വിശകലന പഠനം, പ്രൊജക്ട്വർക്ക്, തിസീസ്, സെമിനാർ തുടങ്ങിയവ ഉൾക്കൊള്ളുന്നതാണ് ഡിഗ്രി കോഴ്സിൻെറ കരിക്കുലം. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് രചിക്കുന്ന 'പൗരസ്ത്യ സഭാ ദർശനം' എന്ന കൃതിയാണ് 15 ഗ്രന്ഥങ്ങളിൽ ആദ്യത്തേത്. പ്രസ്തുത ഗ്രന്ഥം കോൺവെക്കേഷനിൽ വച്ച് പ്രകാശനം ചെയ്യപ്പെടും.

നിലവിലുള്ള ദിവ്യബോധനം കോഴ്സുകളുടേയും 6-ാം ബാച്ചിലേക്ക് 1995 മാർച്ചിൽ പ്രവേശനം ആരംഭിക്കുന്നതാണ്. എല്ലാ ഭദ്രാസനങ്ങളിലും 1995 ജനുവരിക്ക് മുൻപായി ഭദ്രാസന ആലോചനായോഗങ്ങൾ ഇടവക മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഭദ്രാസന ഡയറക്ടർമാരേയും/ഡിസ്ട്രിക്റ്റ്, യൂണിററ് ഓർഗനൈസർമാരേയും നിയമിച്ച് യൂണിററ് രജിസ്ട്രേഷനുകൾ ആരംഭിക്കുകയും ചെയ്യും.

സഭയുടെ എല്ലാ പ്രസിദ്ധീകരണങ്ങളും സഭാംഗങ്ങളുടെ കൈവ
ശം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ദിവ്യബോധനം ബുക്ക്
ക്ലബ് ആരംഭിക്കുന്നത്. വിവിധ ഭദ്രാസനങ്ങളിൽ നിയമിക്കപ്പെടുന്ന
ഏജൻറുന്മാർ ഡിസ്ട്രിക്റ്റ് ഓർഗനൈസർമാർ എല്ലാ ഇടവകളിലും
പുസ്തക പ്രദർശനവും വിതരണവും നടത്തത്തക്ക രീതിയിലാണ് പരി
പാടി ആസൂത്രണം ചെയ്യുന്നത്. പാരീഷ് ലൈബ്രറികളും, കുടും
ബ ലൈബ്രറികളുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഓർത്തഡോക്സ് സഭാവിശ്വാസവും പൗരസ്ത്യ സഭാദർശനവും
സമഗ്രമായി പഠിക്കുവാൻ സഭാംഗങ്ങൾക്ക്. അവസരം ഒരുക്കുക എന്ന
ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന ദിവ്യബോധന പഠനപദ്ധതി എ
ല്ലാ ഭദ്രാസനങ്ങളിലും ഗ്രൂപ്പ് ഇടവക തലങ്ങളിലും ആത്മീയ സംഘ
ടനകളുടെ സഹകരണത്തോടെ നടപ്പാക്കേണ്ടത് ഏററവും ആവശ്യമാ
ണെന്ന് ഒക്ടോബർ 29-ന് സോഫിയാ സെൻററിൽ കൂടിയ ദിവ്യ
ബോധനം കേന്ദ്രതല ആലോചനാസമിതി അഭിപ്രായപ്പെട്ടു. പ്രസിഡ
ൻറ് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അദ്ധ്യക്ഷത വഹിച്ചു.
സഭയിൽ ഒരു അദ്ധ്യാത്മിക പ്രബുദ്ധത ഉണ്ടാക്കുക എന്ന ലക്ഷ്യ
ത്തോടെയാണ് ദിവ്യബോധനം പഠനപദ്ധതി 1984 ൽ ആരംഭിച്ചതെന്നും
ആ ലക്ഷ്യം മുൻപിൽ കണ്ടുകൊണ്ട് തുടർന്നു പ്രവർത്തിക്കണമെന്ന്
മെത്രാപ്പോലീത്താ ഉദ്ബോധിപ്പിച്ചു. ഇക്കാര്യത്തിൽ വൈദിക വിദ്യാ
ർത്ഥികളുടെ പ്രത്യേക സേവനം ലഭ്യമാക്കുന്നതാണ്. ഫാ. ടി. ജെ.
ജോഷ്വാ, ഫാ. ഡോ. കെ. എം. ജോർജ്, സെമിനാരി ഫാക്കൽററി അംഗ
ങ്ങൾ തുടങ്ങിയവർ ചാർച്ചയ്ക്ക് നേതൃത്വം നൽകി.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് (പ്രസിഡൻറ്) ഫാ. ടി.
ജെ. ജോഷ്വാ (ഡയറക്ടർ) ഫാ. സി, സി. ചെറിയാൻ (കോ-ഓർഡി
നേററർ) ഫാ. ജോർജ് പുലിക്കോട്ടിൽ (റജിസ്ട്രാർ) ഫാ. ഡോ ജോൺ
മാത്യൂസ് (ഇംഗ്ലീഷ് വിഭാഗം റജിസ്ട്രാർ) ശ്രീ. സി. എം. തങ്കച്ചൻ
(സെൻട്രൽ ഓർഗനൈസർ) ശ്രീ. വി. ഐ. ഏബ്രഹാം (കേന്ദ്ര ഓഫീ
സ് സെക്രട്ടറി) തുടങ്ങിയവർ ഉൾക്കൊള്ളുന്ന കേന്ദ്രസമിതി ദിവ്യബോ
ധനം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.

ദിവ്യബോധനം പഠന പദ്ധതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ
അറിയുവാൻ ആഗ്രഹിക്കുന്നവരും കോഴ്സുകളിൽ ചേരുവാൻ താല്
പര്യപ്പെടുന്നവരും ജറിസ്ട്രാർ, ദിവ്യബോധനം, പി. ബി. നമ്പർ 98
ഓർത്തഡോക്സ് സെമിനാരി, കോട്ടയം 686001 എന്ന വിലാസത്തിൽ
ബന്ധപ്പെടുക.

★



## സംയുക്ത മർത്തമറിയം സമാജം

മെഴുവേലി ഹോളി ഇന്നസെൻറ് ഓർത്തഡോക്സ് ഇടവകയിൽ
പ്രവർത്തിച്ചുവരുന്ന 5 മർത്തമറിയം സമാജങ്ങളുടെ സംയുക്ത യോഗം
ഇടവക ഓഡിറേറാറിയത്തിൽ വച്ച് വികാരി വെരി. റവ. എം. ജി. ഏ
ബ്രഹാം കോർ എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടന്നു. ജ
നറൽ സെക്രട്ടറി ശ്രീമതി അന്നമ്മ ജോർജ് റിപ്പോർട്ടു വായിച്ചു. ഡി.
സെക്രട്ടറി ശ്രീമതി ഷേർലി രാജു പ്രവർത്തനങ്ങളുടെ രൂപ രേഖ അവ
തരിപ്പിച്ചു. ഇടവകയിലെ ആഭ്യന്തര സുവിശേഷ പ്രവർത്തകരും സം
ബന്ധിച്ചിരുന്നു.

## കുരിശ് സ്ഥാപിച്ചു

മെഴുവേലി ഏതാണ്ട് 50 ലക്ഷം രൂപാ ചെലവിൽ പുതുക്കി
പ്പണിയുന്ന മെഴുവേലി ഹോളി ഇന്നസെൻറ് ഓർത്തഡോക്സ് ദേവാ
ലയത്തിൻെറ മദ്ബഹായുടെ പ്രധാന മകുടത്തിൻെറ മുകളിൽ കുരിശു
സ്ഥാപിച്ചു. രാവിലെ വന്ദ്യദിവ്യ ശ്രീമാന്മാരായ എം. ജി. ഏബ്രഹാം
കോർ എപ്പിസ്ക്കോപ്പാ. കെ. ജി. ജോർജ് കോർ എപ്പിസ്ക്കോപ്പാ റവ്.
സി. ജോൺ കോർ എപ്പിസ്ക്കോപ്പാ എന്നിവർ വി. മൂന്നിന്മേൽ കുർ
ബ്ബാന അർപ്പിച്ചു. തുടർന്ന് ആയിരക്കണക്കിന് ഭക്ത ജനങ്ങളുടെ പ്രാ
ർത്ഥനാ മദ്ധ്യ കുരിശ് യഥാസ്ഥാനത്തു സ്ഥാപിച്ചു.

## പരുമല തീർത്ഥയാത്രയും പെരുനാളും

മെഴുവേലി ഹോളി ഇന്നസെൻറ് ഓർത്തഡോക്സ് ദേവാലയ
ത്തിൽ ഈ വർഷത്തെ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ പൂർ
വ്വാധികം ഭംഗിയായി ആഘോഷിച്ചു. രാവിലെ വി. കുർബ്ബാനയെ
ത്തുടർന്ന് ഏകദേശം 500 പേർ പങ്കെടുത്ത പദയാത്ര ആരംഭിച്ചു. ഇട
വകയിലെ ഓർമ്മപ്പെരുന്നാൾ നവംബർ 5, 6 തീയതികളിൽ നടത്തപ്പെ
ട്ടു. നവംബർ 5-ാം തീയതി വൈകുന്നേരം നെടുംകുന്നം മാർ ഗ്രീഗോ
റിയോസ് കുരിശിൻ തൊട്ടിയിൽ നിന്നും വിവിധ വാദ്യ മേളങ്ങളോടു
കൂടിയ റാസയും നേർച്ച വിളമ്പും ഉണ്ടായിരുന്നു. പദയാത്രയ്ക്കും പെ
രുനാളിനും വികാരി വന്ദ്യദിവ്യ ശ്രീ. എം. ജി. ഏബ്രഹാം കോർ എപ്പി
സ്ക്കോപ്പാ നേതൃത്വം നൽകി.

## സംയുക്ത ക്രിസ്മസ്

ചെങ്ങന്നൂരും സമീപ പ്രദേശങ്ങളിലുമുള്ള ക്രൈസ്
ചെങ്ങന്നൂർ: ചെങ്ങന്നൂരും സംയുക്താഭിമുഖ്യത്തിൽ ഈ വർഷവും ക്രിസ്മസ് സ
തവ സഭയുടെ സംയുക്താഭിമുഖ്യത്തിൽ ഈ വർവും ക്രിസ്മസ് സ
മുചിതമായി ആഘോഷിക്കുന്നതാണ്. ഡിസംബർ 25-ാം തീയതി വൈ
കിട്ട് 4 മണിക്ക് ചെങ്ങന്നൂർ സെ. ആൻഡ്രൂസ് സി. എസ്. ഐ പ
ള്ളി അങ്കണത്തിൽ ചേരുന്ന സമ്മേളനത്തിൽ റൈ. റവ. ഡോ. ഗീവർഗീ
സ് മാർ അത്താനാസിയോസ് എപ്പിസ്ക്കോപ്പാ ക്രിസ്മസ് ദൂത് ന
ൽകുന്നതായിരിക്കും. വിവിധ പള്ളികളിൽ നിന്നുള്ള ഗായകസംഘങ്ങ
ളുടെ ഗാനാലാപവും, ടാബ്ളോകളും ഉണ്ടായിരിക്കുന്നതാണെന്ന് ജന
റൽ കൺവീനർ ഫാദർ. മാത്യു വർഗീസ് പ്രസ്താവിച്ചു.

## ക്രിസ്മസ് ആഘോഷം

കൂടശ്ശനാട്: കൂടശ്ശനാട് സെ. സ്റ്റീഫൻസ് കത്തീഡ്രലിൽ
ഡിസംബർ 23-ാം തീയതി വൈകിട്ട് 7 മണിക്ക് ക്രിസ്മസ് കരോൾ
നടത്തുന്നതാണ്. അടൂർ ഡി. വൈ. എസ്. പി. കെ ജെ തോമസ്
ക്രിസ്മസ് സന്ദേശം നൽകുന്നത്. MGOYA യുടെ ഗായകസംഘം
ഗാനാലാപനം നടത്തുന്നതുമാണ് ആദ്ധ്യാത്മിക സംഘടനകളുടെ വി
വിധ പരിപാടികളും ഉണ്ടായിരിക്കും.

## അർദ്ധദിന സമ്മേളനം

ബാലസമാജം പന്തളം ഡിസ്ട്രിക്റ്റിന്റെ ഈ വർഷത്തെ അർ
ദ്ധദിന സമ്മേളനം നവംബർ 6-ാം തീയതി ഞായറാഴ്ച കുരമ്പാല
സെന്റ് തോമസ് പള്ളിയിൽ വച്ച് നടന്നു. "എന്നിൽ വിശ്വസിപ്പീൻ"
എന്ന വിഷയത്തെ ആസ്പദമാക്കി ബ്രദർ ജോൺ കെ. സാമുവേൽ ക്ലാ
സെടുത്തു. സുജിൻ ബേബി സംഗീത പരിശീലനം നടത്തി. യൂണി
റ്റ് സെക്രട്ടറിമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

ഭദ്രാസന ബാലസമാജം സെക്രട്ടറി ശ്രീ സി. കെ. റജി അദ്ധ്യ
ക്ഷത വഹിച്ച പൊതുസമ്മേളനം അഖില മലങ്കര ബാലസമാജം ജന
റൽ സെക്രട്ടറി റവ. ഫാദർ മാത്യു കോശി ഉത്ഘാടനം ചെയ്തു. സ
ണ്ടേസ്കൂൾ ഇൻസ്പെക്റ്റർ ശ്രീ കെ. ജി. ദാനിയേൽ, ഭദ്രാസന ബാ
ലസമാജം ജോ. സെക്രട്ടറി ശ്രീ വിനോദ് ജോർജ്, ചെങ്ങന്നൂർ ഡി.
ഓർഗനൈസർ ശ്രീ ബിജു വർഗീസ് പുത്തൻകാവ്, ഡി. ഓർഗനൈസർ
ശ്രീ ജോഷ്വാ ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ശ്രീ എം. റ്റി. റെനി
സ്വാഗതവും ഡി. ഓർഗനൈസർ വി. ഐ. വിൽസൺ കൃതജ്ഞതയും
പ്രകാശിപ്പിച്ചു.

## നിര്യാതനായി

പുത്തൻകാവ്: കിഴക്കേത്തലയ്ക്കൽ പീടികയിൽ റവ. ഫാദർ കെ.
കെ. ജോസഫ് (72) നിര്യാതനായി പരുമലയിൽ നിന്നുമുള്ള നഗരി
കാണിക്കലിന് ശേഷം പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ
വച്ചു നടന്ന ഭക്തി വിർഭരമായ ശവസംസ്കാര ശുശ്രൂഷയ്ക്ക് കൊ
ല്ലം ഇടവകയുടെ മാത്യൂസ് മാർ എപ്പിപ്പാനിയോസ്
യുടെ ഗീവറുഗീസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാർ നേ
തൃത്വം നൽകി. ഹൃദയാകർഷകമായ ആരാധനയും ആശയ സമ്പുഷ്ട
ങ്ങളായ പ്രസംഗങ്ങളും; വിനയാന്വിതമായ ജീവിത ശൈലിയും കൊ
ണ്ട് സഭാ മക്കളെ ഹഠാദാകർഷിച്ച ബ. ജോസഫച്ചൻ ചേപ്പാട്, പിരള
ശ്ശേരി, വെണ്മണി, കാരയ്ക്കൽ, പേരിശ്ശേരി ചെങ്ങന്നൂർ മുത
ലായ ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ബ. അച്ചന് "ബഥ
ൽ പത്രിക"യുടെ ആദരാഞ്ജലികൾ!



## ദൈവവിളി സംഘം

ദൈവവിളി സംഘത്തിന്റെ ആഭിമുഖ്യത്തിൽ പ്രഥമ ശുശ്രൂഷ
(First Aid) യെക്കുറിച്ച് ബോധവല്ക്കരണവും പ്രഥമ ശുശ്രൂഷയിൽ
പ്രായോഗിക പരിശീലനവും നല്കി: ട്രാവൻകൂർ സിമന്റസിലെ ചീ
ഫ് മെഡിക്കൽ ഓഫീസർ ഡോ. എ. പി. വർമ്മ ക്ലാസുകൾക്ക് നേ
തൃത്വം നൽകി.

## ഏകദിന സമ്മേളനം

കുട്ടംപേരൂർ: ഇടവങ്കാട്ട് ഡിസ്ട്രിക്റ്റ് ബാലസമാജത്തിന്റെ
ഏകദിന സമ്മേളനം ഒക്ടോബർ 28-ാം തീയതി കുട്ടംപേരൂർ മാർ ഗ്രീ
ഗോറിയോസ് പള്ളിയിൽ വച്ചു നടന്നു. "എന്നിൽ വസിപ്പീൻ" എ
ന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാദർ ജോബ്സൺ കോട്ടപ്പു
റം, റവ. ഫാദർ തോമസ് മാത്യു എന്നിവർ ക്ലാസ്സ് എടുത്തു. ശ്രീ
കെ. ഒ. തോമസ് ഗാന പരിശീലനം നടത്തി.

ഇടവക വികാരി റവ. ഫാദർ സി. പി. ചാക്കോയുടെ അദ്ധ്യ
ക്ഷതയിൽ കൂടിയ പൊതു സമ്മേളനം പ്രസ്ഥാനം ഭദ്രാസന വൈ
സ് പ്രസിഡന്റ് റവ. ഫാദർ Y. തോമസ് ഉദ്ഘാടനം ചെയ്തു. റവ.
ഫാദർ ജോബ്സൺ കോട്ടപ്പുറം റവ. ഫാ. മത്തായി കുന്നിൽ റവ.
ഡീക്കൻ സ്കറിയാ വറുഗീസ്, കമാണ്ടർ കെ. ജി. തോമസ്, സി. ജെ.
റജി, വിനോദ് ജോർജ്, ബിജു വർഗീസ്, ജോഷ്വാ ഏബ്രഹാം എന്നി
വർ പ്രസംഗിച്ചു. ജോജി ജോർജ് സ്വാഗതവും ഇടവങ്കാട്ട് ഡി. ഓർഗ
നൈസർ ഷിബു പി. കുര്യൻ കൃതജ്ഞതയും പറഞ്ഞു. ഡിസ്ട്രിക്റ്റ്
തലത്തിൽ നടന്ന കലാമത്സരത്തിൽ വിജയികളായവർക്ക് സർട്ടിഫിക്കേറ്റ്
വിതരണം ചെയ്തു.

## ക്വിസ് മത്സരം

പുണ്യശ്ലോകനായ പരുമല കൊച്ചു തിരുമേനിയുടെ പാവന നാമ
ധേയത്തിൽ പ്രവർത്തിച്ചുവരുന്ന കുടശനാട് സെന്റ് സ്റ്റീഫൻസ്
ഓർത്തഡോക്സ് കത്തീഡ്രലിലെ മാർ ഗ്രീഗോറിയോസ് ഓർത്തഡോ
ക്സ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൻ വർഷം തോറും
ചെങ്ങന്നൂർ ഭദ്രാസനത്തിലുള്ള ഇടവകകളെയും സ്കൂൾ-കോളേജ് തല
ത്തിൽ പ്രവർത്തിച്ചുവരുന്ന വിദ്യാർത്ഥി പ്രസ്ഥാനങ്ങളെയും പങ്കെടു
പ്പിച്ചുകൊണ്ട് കുഴിയത്തു ഞ് ചാക്കോ മെമ്മോറിയൽ, ഏലിയാമ്മ മത്തായി
മെമ്മോറിയൽ, പടിഞ്ഞാറെ ചരുവിൽ കെ. ദാനിയേൽ മെമ്മോറിയൽ
എന്നി ട്രോഫികൾക്കുവേണ്ടിയുള്ള ക്വിസ്മത്സരം 1995 ജനുവരി
8-ാം തീയതി ഞായറാഴ്ച പകൽ 2 മണിക്ക് കത്തീഡ്രലിൽ വച്ച്
നടത്തപ്പെടുന്നതായിരിക്കും. വിജയികൾക്കുള്ള പാരിതോഷികങ്ങൾ 1995
ജനുവരി 23-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് പ.കാതോ
ലിക്കാ ബാവാ നൽകുന്നതാണ്; കൂടുതൽ വിവരങ്ങൾ അറിയുവാൻ ആ
ഗ്രഹിക്കുന്നവർ സെക്രട്ടറി ശ്രീ. സജി മുളമൂട്ടിലിനെ സമീപിക്കേണ്ടതാണ്.

## ഗ്ലോറിയാ ഗ്രന്ഥ പരമ്പര

സുവിശേഷരംഗത്തു പുതിയൊരു ദർശനത്തിന്റെ വക്താവായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ വേദശാസ്ത്ര വീക്ഷണവും മനുഷ്യദർശനവും പ്രതിഫലിപ്പിക്കുന്ന പന്ത്രണ്ട് ഗ്രന്ഥങ്ങൾ "ഗ്ലോറിയാ ഗ്രന്ഥപരമ്പര" എന്ന പേരിൽ പുറത്തിറക്കാൻ ആഗ്രഹിക്കുന്നു. ഈ പരമ്പരയിലെ ആദ്യ ഗ്രന്ഥം 'മനുഷ്യദർശനത്തിന്റെ നീർച്ചാലുകൾ' എന്ന പേരിൽ ജനുവരിയിൽ പുറത്തിറക്കുന്നു. തുടർന്ന് ഓരോ മാസവും ഓരോ ഗ്രന്ഥം പുറത്തിറക്കും. 12 ഗ്രന്ഥങ്ങളുടെ മുഖവില 360 രൂപായാണെങ്കിലും ആദ്യം 500 പേർക്ക് 240 രൂപയ്ക്ക് ലഭിക്കുന്നതാണ്. തുടർന്ന് ഓരോ വർഷങ്ങളിലും പുതിയ ഗ്രന്ഥപരമ്പരകൾ വഴി അഭിവന്ദ്യ തിരുമേനിയുടെ വേദശാസ്ത്ര ദർശനങ്ങൾ അവതരിപ്പിക്കാനാണ് ആഗ്രഹിക്കുന്നത് കൂടാതെ ശ്രീ തോമസ് നീലാർമഠം എഴുതിയ അഭിവന്ദ്യ തിരുമേനിയുടെ ജീവചരിത്ര ഗ്രന്ഥവും മിഷൻ സെന്ററിന്റെ ജൂബിലി സ്മരണികയും പ്രസിദ്ധപ്പെടുത്തുന്നതാണ്. ഗ്രന്ഥ പരമ്പരയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ ഫാ ജി. ജോൺ, സെന്റ് പോൾസ് മിഷൻ സെന്റർ, മാവേലിക്കര എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

## ശിലാസ്ഥാപനം നടത്തി

പുത്തൻകാവ്; പുതുതായിപ്പണിയുന്ന നീർവിളാകം മാർ ഗ്രിഗോറിയോസ് ചാപ്പലിന്റെ ശിലാസ്ഥാപന കർമ്മം പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസുകൊണ്ട് നിർവ്വഹിച്ചു. തൽസംബന്ധമായി നടന്ന ശുശ്രൂഷയിൽ റവ. ഫാ. പി. എ. യോഹന്നാൻ കുററിയിൽ, റവ. ഫാ ജോൺ ദാനിയേൽ, റവ. ഫാ. വൈ തോമസ് എന്നിവർ സംബന്ധിച്ചു.

## രജത ജൂബിലി ആഘോഷം

കുട്ടംപേരൂർ സീയോൻപുരം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ രജത ജൂബിലി ആഘോഷങ്ങൾ ഡിസംബർ 11 മുതൽ 20 വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. ഡിസംബർ 18, 19, 20 തീതികളിലായി കൂടുന്ന വിവിധ സമ്മേളനങ്ങളിൽ പ കാതോലിക്കാ ബാവാ തിരുമേനി, അഭിവന്ദ്യ തിരുമേനിമാർ ബഹുമാന്യരായ മന്ത്രിമാർ കൂടാതെ മററു പ്രമുഖ വ്യക്തികളും പങ്കെടുക്കുന്നതാണ്. ഡിസംബർ 20–ാം തീയതി വ. കുർബ്ബാനയ്ക്ക് ശേഷം രജത ജൂബിലി സ്മാരക ഓഡിറേററിയത്തിന്റെ ശിലാസ്ഥാപനം പ. ബാവാ തിരുമേനി നിർവ്വഹിക്കുന്നതാണ്. ജൂബിലിയോടനുബന്ധിച്ച് അർഹനായ ഒരു വ്യക്തിക്ക് നൽകുന്ന ഭവനത്തിന്റെ താക്കോൽ ദാനം സമാപന സമ്മേളനത്തിൽ വച്ച് നിർവ്വഹിക്കുന്നതാണ്, മെഡിക്കൽ ക്യാമ്പ്:സ്മരണിക പ്രകാശനം, ക്വിസ് മത്സരം. കലാപരിപാടികൾ എന്നിവയും ഉണ്ടായിരിക്കുന്നതാണ്. വികരി റവ. ഫാ. സി. ജെ. ജോർജിന്റെ നേതൃത്വത്തിൽ ശ്രീ പി സി ജോസഫ് ജനറൽ കൺവീനറുമായി വിവിധ കമ്മററികൾ ജൂബിലിയുടെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു:





# ബാലപത്രിക

### ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ

സ്നേഹമുള്ളക്കൂട്ടുകാരെ,

ഏവർക്കും സന്തോഷം പകരുന്ന ക്രിസ്തുമസ് ദിനങ്ങൾ അടുത്തുവരുന്നല്ലോ. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പൂത്തിരി കത്തിച്ചുകൊണ്ട് ഒരിക്കൽകൂടി ആ സുദിനം സമാഗതമാകുകയാണ്. അലംകൃതമായ ക്രിസ്മസ് വിളക്കുകളും 'ക്രിസ്മസ് ട്രീ'കളും കരോൾ ഗാനങ്ങളുമെല്ലാം ആ പുണ്യദിനത്തിന്റെ സാമീപ്യം വിളിച്ചറിയിക്കുന്നു. പക്ഷേ ഈ തിരക്കുകളിൽ ക്രിസ്തുമസിന്റെ യഥാർത്ഥ സന്ദേശം നാം ഓർക്കുന്നുണ്ടോയെന്ന് സംശയമാണ്.

മനോഹരമായ ക്രിസ്മസ് കാർഡുകളിൽ ആശയഗാംഭീര്യമുള്ള ആശംസകളുമായി സൗഹൃദം നമ്മെതേടിയെത്തുന്നു. ഇതെല്ലാം ഔപചാരികതയുടെ ഓരോ വശങ്ങൾ മാത്രമല്ലേ?.

ക്രിസ്മസ് ദിനങ്ങളിൽ ആഘോഷങ്ങൾക്കുവേണ്ടി മനുഷ്യൻ മദ്യത്തിലും മററുപിനോദ മാദ്ധ്യമങ്ങളിലുമാണ് ഇന്ന് ആശ്രയിക്കുന്നത്.

ക്രിസ്മസ് ദിനങ്ങളിലേക്ക് നമുക്ക് നിർമ്മലതയോടെ കടന്നുവരുവാൻ സഭക്രമീകരിച്ചിരിക്കുന്ന ഇരുപത്തിയഞ്ചു നോമ്പ് നാം എത്രപേർ ശരിയായി ആചരിക്കുന്നുണ്ട്?. ജീവനുള്ള ദൈവത്തെ നമ്മുടെ ഉള്ളിൽ പ്രതിഷ്ഠിക്കുവാൻ നോമ്പും പ്രാർത്ഥനയുമാണ് സഹായിക്കുന്നത്,

ഒരു ദിവസം ഒരു പിതാവും മകൻ ടോണിയും കൂടി ഒരു ക്രിസ്മസ് റാലി കാണുവാൻ പോയി മനോഹരങ്ങളായ പല നിശ്ചല ദൃശ്യങ്ങളും ഉണ്ടായിരുന്നു. അതിൽ ബേത്ലഹേമിലെ പുൽക്കൂടു ചിത്രീകരിച്ചിരുന്ന ഒരുദൃശ്യം അവന്റെ ശ്രദ്ധ പിടിച്ചുപററി. അതിൽ യൗസേഫും മറിയയും വിദ്വാന്മാരും ആട്ടിൻ കുട്ടികളും എല്ലാം ജീവനുള്ളവയായിരുന്നു. എന്നാൽ ഉണ്ണിയേശുവായി കിടന്നിരുന്നത് ജീവനില്ലാത്ത ഒരു പാവയായിരുന്നു. ടോണി ചോദിച്ചു.

Regd. No R. N. 44684/87    Regd. No. G/KL/TLA/71

# BETHEL PATHRIKA

"പപ്പാ എല്ലാവർക്കും ജീവനുണ്ട്, യേശുക്കുഞ്ഞിനുമാത്രം എന്തേ ജീവനില്ലാത്തത്"?.

നമ്മുടെ ആഘോഷങ്ങളിൽ കാണുന്ന ഒരു വലിയ യാഥാർത്ഥ്യമാണ് ഈ മകന്റെ ചോദ്യം. നമ്മുടെ ആഘോഷങ്ങളിൽ ജീവനുള്ള ക്രിസ്തുവിനെ കാണാൻ പ്രയാസമാണ്.

കുഞ്ഞുങ്ങളെ, ഈ വർഷത്തെ നമ്മുടെ ക്രിസ്തുമസ് തികച്ചും വ്യത്യസ്തമാകട്ടെ! ക്രിസ്തുമസ് ആഘോഷങ്ങളിലൂടെ ജീവനുള്ള ദൈവത്തെ നമ്മുടെ ഉള്ളിൽ പ്രതിഷ്ഠിക്കുവാൻ കഴിഞ്ഞാൽ നിങ്ങൾ ഭാഗ്യമുള്ളവരാണ്.

ഈ നോമ്പിന്റെ പരിശുദ്ധ ദിവസങ്ങളിൽ നിർമ്മലമായ ജീവിതത്തിലൂടെ നിങ്ങളുടെ ഉള്ളിൽ ക്രിസ്തുവിന് ജനിക്കുവാൻ ഇടം കൊടുക്കുമോ?. തീർച്ചയായും സാധിക്കും.!

എല്ലാ കൂട്ടുകാർക്കും ഊഷ്മളമായ ക്രിസ്തുമസ് മംഗളാശംസകൾ.

സ്നേഹപൂർവ്വം ആനിച്ചേച്ചി.

---

*"Glory to God in the highest, and on earth peace, goodwill toward men."* St. Luke 2;14



*Wishing you*
*Peace and Love*
*and Happiness*
*at Christmas*
*and God's blessings*
*in the New Year.*

**BETHEL PATHRIKA**

Printed and published by Fr. P. G. George on behalf of H. G. Thomas Mar Athanasios at PHILIPS PRINTERS CHENGANNUR Editor Fr. P. G. George